# MITHRAM

A Quarterly News Bulletin of Syro-Malabar Marol Parish

Vol. 5 No. 1 (For Private Circulation only) Mar - 2011


## EDITORIAL

We are in the midst of Lent. It is a time important to every Christian, especially to every Catholic. This is a time of stock-taking of our life, inspecting it, correcting it if needed and re-inforcing it. All of us observe Lent with the seriousness it demands.We have all planned many spiritual programmes during this Lent for improving our preparation for the heavenly reward.

Look into the holy books, holy lives their teachings and warnings sent to us from time to time. We have the Holy Fathers and Prophets of the Old Testament and the Parables taught by Jesus in the New Testament, - all intended as means to guide us, strengthen our efforts to improve our lives.See how Yahowa led the wandering Israelis in the desert for 40 years to tame an unholy people into the Chosen ones.

Coming back to our times, we are a people wallowing in luxury and disordered attachments. We have a lot to undo and remove to regain the divine image and likeness in which God created us. We should be ready to remove the illusions and face the truth.So we have to develop a spirit of deprivation and self denial.

Let Lent be therefore a deterrent to excessive luxury and pleasures. Let us develop a judicious use of personal and natural resources.By reducing our desires and needs with divine help and grace we can become like what God wants us to be.

March is a month set apart for St. Joseph. He is the best example during the Lent of what real obedience and submission to God's plans is to be. He was a good man - honest, fair and god-loving.He underwent all his sufferings at the time of Jesus' birth, his plight into Egypt and the anxious moments while the Child Jesus was lost in the Temple, all very patiently, without any resentment or hesitation and no publicity.See we don't hear anything about him after the finding of the child in the Temple.

So let us observe Lent very solemnly with repentance, fasting and abstinence to find our way to get forgiveness and salvation from the Risen Christ.


**Editorial Board**

Mr. K. D. Jose
Mr. V. M. George
Mr. K. V. Varkey

**Editorial Adviser**

Rev. Fr. Jabin Pathiparambil
Parish Priest



**Address:**

Kristuraj Church,
Marol Village,
Mumbai - 400 059.
Tel. 28381270 / 29205050

**Published by**

Kristuraj Parish,
Syro-Malabar Parish,
Marol,
Mumbai - 400 059.

**Printed at**

Ideal Printlinks Pvt. Ltd.,
Powai, Mumbai - 400 076.



# THE PERIOD OF LENT

The passion, death and resurrection of Jesus marks the climax of His salvific acts. The seven weeks between Denaha and the feast of Easter are set apart for prayer, fasting, abstinence and reparation. The basis of this lenten season is the forty days' fast of Jesus. Still, we call this period 'Anpathu Nombu' (50 days' fasting). Sundays are exempted from fasting. Passion Friday and the Saturday are special days of this season. According to this calculation there are 40 days between the first Monday of Lent and Maundy Thursday. This period is known as '50 days fasting', probably, because St. Thomas Christians fasted and abstained from 'Pethurtha' Sunday to Easter 'Pethurtha' means 'Looking Back', 'Reconciliation' etc.

Lent is a season set apart mainly for repentance and reconciliation. Why? because we are God's children and new creation in baptism drifted away from God by committing sin. During this season we meditate upon man's sin and its consequences, the need for repentance and conversion, the infinite love and mercy of God towards repentant sinners and the passion, death and burial of Jesus Christ. Lenten season calls our attention in a special way to the need for reconciliation with God and fellow-beings. Therefore, in this period, the Church persuades the faithful to receive the sacrament of reconciliation. The Church reminds us to spend the Lenten period in fervent prayers, sincere fasting and generous almsgiving and to eradicate our evil desires. Like Jesus who conquered death and entered into life, let us also die to sin and enter into eternal life.

ഈശോയുടെ പരസ്യജീവിതത്തിൻെറ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ച പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിൻെറ അടിസ്ഥാനം. പക്ഷേ, മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾവരെ നോമ്പുനോക്കിയിരുന്നതുകൊണ്ട് 'അമ്പതുനോമ്പ്' എന്നു വിളിക്കുന്നു. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിൻെറ അർത്ഥം 'തിരിഞ്ഞുനോക്കൽ', 'അനുരഞ്ജനം' എന്നാണ്.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം, പാപം വഴി ദൈവത്തിൽ നിന്നകന്നു. മനുഷ്യൻെറ പാപം വഴി ദൈവത്തിൽ നിന്ന് അകന്നു. മനുഷ്യൻെറ പാപവും അതിൻെറ അനന്തരഫലങ്ങളും അനുതാപത്തിൻെറയും മനഃപരിവർത്തനത്തിൻെറയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്ക്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉൻമൂലനംചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മ പ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു.

## “LENT IS ABOUT SPIRITUAL RESULTS, NOT MATERIAL ONES”

Lent is the period of fasting leading up to the period of Easter, recalling Jesus’ 40-day fast in the wilderness. Ash Monday signifies the start of Lent and on this day, ashes are blessed, mixed with either holy oil or water, and marked on the head with the sign of the cross, or sprinkled on the forehead. The ashes are made from burnt palm branches blessed the previous year on Palm Sunday.

When the priest places the ashes on the forehead says either “remember man you are dust, and to dust you will return” (see Genesis 3:19), or “turn away from sin and be faithful to the Gospel” (Mark 1:15). The ashes serve a dual purpose. First, we are reminded of our mortality and humanity as we begin the Lenten Fast. Second, the ashes are a Biblical symbol of repentance, sorrow, and humility. There are many cases in the Scriptures of wearing ashes as a sign of penitence.

So the purpose of Lent is to be of fasting, self-denial, Christian growth, penitence, conversion and simplicity.

***Fasting:*** The Eastern Rite of the Catholic Church requires its members, age 18 to 59, to fast on Ash Monday and Good Friday, unless a physical condition prevents otherwise. This means only one full meal is permitted. The Fridays of Lent are days of required abstinence, meaning meat, and soups or gravies made of meat, are not permitted. Abstinence is required of those of age 14 and older. Some give up things they have an inordinate desire for, e.g. sweets, caffeine, etc. By giving these up, the person learns to control a particular part of his or her life, which leads to greater self-discipline even when Lent is over. As such in Lent we are able to learn, examine, and get under control our material excesses.

Whatever you decide to fast from, remember “Lent is more than a diet.” Lent is about spiritual results, not material ones. So, while losing a few pounds may be a nice side benefit, all fasting should be done for God’s glory and spiritual growth.

***Prayer*** : Lent is a good time to develop or strengthen a discipline of daily prayer. An ancient practice of praying throughout the day is a good way to start. A good goal for Lent would be to say Morning Prayer and Evening Prayer every day. If you already do that, perhaps you could add noon or night prayer (also called Compline). Contemplative prayer, based around the idea of silence or listening for God, is also wellsuited to Lent. There are also many excellent forms of prayers that reflect the penitential mood of Lent. We can also find many excellent prayers for Lent from the Scriptures. Praying the Rosary throughout Lent can be rewarding too. Theology and liturgy always form part of prayer, so a good discipline for Lent would be to make an effort to attend worshipful services whenever possible. Daily mass would be very rewarding.

***Almsgiving (Charity):*** While Lent is about giving something up (i.e. fasting), it is also about putting something positive in its place. The best way to remove vice is to cultivate virtue. Lent has been a traditional time of helping the poor and doing acts of charity and mercy. While as Christians this is a year round calling, Lent is a good time to examine ways to get involved and to make resolutions to actually do them.

Giving alms can be done in more ways than just giving out money to people on the street. It can be done by helping your family, friends, and neighbors out of tight situations or being more generous to hired help. However, one of the best ways to give alms is to get out of your comfort zone a little bit, maybe by volunteering for a charitable cause or providing a shelter. There are many lay religious orders, which devote much of their time to charity.

***Scripture Reading***: When facing temptation in the desert, Jesus relied on Scripture to counter the wiles of the devil. It is a formidable weapon for us as well. Biblical illiteracy among Christians of all types is rampant and, quite honestly, shameful. Lent is an excellent time to solve this problem. There are many wonderful books and articles. And for the social networker click on to xt3.com, the network of the Archdiocese of Sydney. There are lots of rewarding resources — texts, video clips and podcasts as well as a detailed Lenten Calendar with reflections and Gospel of the day.

***Cardinal George Pell***
*(The Archbishop of Sydney)*

# ഇടവക റിപ്പോർട്ട്

ഭൗതീകവും ആത്മീയവുമായ യാത്രയിൽ നാം ഒരു വർഷവും കൂടി പിന്നിട്ടിരിക്കുന്നു. ഈ പുതുവർഷത്തിലും മറോൾ ക്രിസ്തുരാജ് ഇടവക ആത്മീയ വളർച്ചയുടെ പാതയിലാണ്.

**വിശുദ്ധ സെബസ്ത്യാനോസിൻെറ തിരുനാൾ**

ജനുവരി 15, 16 തിയ്യതികളിൽ വിശുദ്ധ സെബസ്ത്യാനോസിൻെറ തിരുനാൾ ആഘോഷപൂർവ്വം ആചരിച്ചു. 15-ാം തിയ്യതി ശനിയാഴ്ച വൈകുന്നേരം 5.30ന് വികാരി ജെബിൻ പത്തിപ്പറമ്പിലച്ചനും അന്ധേരി സോണൽ വികാരി പോൾ ഓലിക്കലച്ചനും ചേർന്ന് കൊടിയേറ്റുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് യൂണിറ്റുകളിലേക്ക് അമ്പ് പ്രദക്ഷിണം നടന്നു.

16-ാം തിയ്യതി ഞായറാഴ്ച അഞ്ചു മണിയ്ക്കാരംഭിച്ച തിരുനാൾ കുർബ്ബാനയ്ക്ക് ബാന്ദ്രാ വെസ്റ്റ് വികാരി ഫാ. ടോമി നെല്ലിയാനി മുഖ്യ കാർമ്മികനും വികാരി ജെബിനച്ചനും ഫാ. മാത്യു നിരപ്പേലും സഹ കാർമ്മികരുമായിരുന്നു. മാത്യു നിരപ്പേലച്ചൻെറ തിരുനാൾ സന്ദേശം ഏവരിലും ആത്മീയ ഉണർവ്വ് നൽകുന്നതായിരുന്നു. ഏഴുമണിയ്ക്കാരംഭിച്ച തിരുനാൾ പ്രദക്ഷിണത്തിൽ ഇടവകാംഗങ്ങൾ ഭക്തിപൂർവ്വം പങ്കെടുത്തു.

**മാതൃസംഘം ഭാരവാഹികൾ**

ജനുവരി 20-ാം തിയ്യതി വ്യാഴാഴ്ച 7.30ൻെറ വിശുദ്ധ ബലിയെ തുടർന്ന് വികാരിയച്ചൻെറ അദ്ധ്യക്ഷതയിൽ ചേർന്ന മാതൃസംഘത്തിൻെറ മീറ്റിംഗിൽ അടുത്ത രണ്ടു വർഷങ്ങളിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി.

**വീടുവെഞ്ചിരിപ്പ്**

ഈ വർഷത്തെ വീടുവെഞ്ചിരിപ്പ് ജനുവരി 25-ാം തിയ്യതി സെൻറ് ജോസഫ് യൂണിറ്റിൽ നിന്നും ആരംഭിച്ചു.

**കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണം.**

ഈ വർഷം ആദ്യ കുർബ്ബാന സ്വീകരണത്തിനു തയ്യാറായിട്ടുള്ള കുട്ടികളുടെ മാതാപിതാക്കളുടെ മീറ്റിംഗ് ജനുവരി 27-ാം തിയ്യതി വികാരിയച്ചൻെറ അദ്ധ്യക്ഷതയിൽ കൂടുകയും ബിഷപ്പിൻെറ സൗകര്യമനുസരിച്ചു ഏപ്രിൽ 30, മെയ് 1, മെയ് 8, തിയ്യതികളിൽ ഏതെങ്കിലുമൊരു ദിവസം ആദ്യ കുർബ്ബാന സ്വീകരണം നടത്താനും തീരുമാനിച്ചു.

**ക്യാറ്റിക്കിസം പരീക്ഷ**

2010-11 അദ്ധ്യയന വർഷത്തെ കാറ്റിക്കിസം കുട്ടികളുടെ വർഷാവസാന പരീക്ഷ ജനുവരി 30-ാം തിയ്യതി 9 മണിയുടെ കുർബ്ബാനക്കുശേഷം നടത്തി.

**പാരീഷ് കൗൺസിൽ ഫൈനാൻസ് അഡ്വൈസറി കമ്മറ്റിയോഗം**

പള്ളിയുടെ ധനശേഖരണാർത്ഥം വികാരിയച്ചൻ വിളിച്ചു ചേർത്ത ഫൈനാൻസ് അഡ്വൈസറി കമ്മറ്റിയുടേയും പാരീഷ് കൗൺസിൽ മെമ്പേഴ്സിൻെറയും ഒരു സംയുക്ത യോഗം ഫെബ്രുവരി 5-ാം തിയ്യതി ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് ജെബിനച്ചൻെറ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഫണ്ട് സ്വരൂപിക്കുന്നതിന് ഇടവകാംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനായി ഫെബ്രുവരി 27-ാം തിയ്യതി ഒരു സ്പെഷ്യൽ പൊതുയോഗം നടത്തുന്നതിന് തീരുമാനിച്ചു.

**സോണൽ മാതൃസംഘം പിക്നിക്**

ഫെബ്രുവരി 6-ാം തിയ്യതി സോണൽ മാതൃസംഘം അർണാലയിലേക്ക് നടത്തിയ പിക്നിക്കിൽ നമ്മുടെ ഇടവകയിലെ മാതൃസംഘാംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

**യൂത്ത് റിട്രീറ്റ് - ബറാക്കാ**

ഫെബ്രുവരി 12-ാം തിയ്യതി ശനിയാഴ്ച യുവജനങ്ങൾക്കുവേണ്ടി ബറാക്കാ എന്ന പേരിൽ നടത്തിയ യൂത്ത് റിട്രീറ്റിൽ വിവിധ ഇടവകകളിൽ നിന്നായി 95 യുവതിയുവാക്കൾ പങ്കെടുത്തു.

**യൂത്ത് മീറ്റ്**

ഫെബ്രുവരി 13-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിക്കുശേഷം നടത്തിയ യൂത്ത് മീറ്റിഗിൽ അറുപത്തിയഞ്ചിലധികം യുവജനങ്ങൾ പങ്കെടുക്കുകയും അടുത്ത രണ്ടുവർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടത്തുകയും ചെയ്തു.

**നാസിക് ഇൻഫൻറ് ജീസസ് ചർച്ച് തീർത്ഥയാത്ര**

ഫെബ്രുവരി 20-ാം തിയ്യതി നമ്മുടെ ഇടവകയിൽ നിന്നും മി. സാബു ജോസഫിൻെറ നേതൃത്വത്തിൽ നടത്തിയ നാസിക് ഇൻഫൻറ് ജീസസ്സ് ചർച്ച് തീർത്ഥയാത്രയിൽ 84 പേർ പങ്കെടുത്തു.

**സ്പെഷ്യൽ പൊതുയോഗം**

പള്ളിയുടെ ധനശേഖരണാർത്ഥം ഫെബ്രുവരി 27-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ വിശുദ്ധ

ബലിയോടനുബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഒരു സ്പെഷ്യൽ പൊതുയോഗം നടത്തുകയുണ്ടായി. ഫണ്ടു സ്വരൂപിക്കുന്നതിലേക്കായി ഇടവകാംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വികാരിയച്ചൻ ആരായുകയും ഭാവികാര്യങ്ങൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനുമായി ഒരു ഫൈനാൻസ് കമ്മറ്റിക്ക് രൂപം നൽകാൻ തിരുമാനിക്കുകയും, മി. കെ. ഡി. ജോസിനെ ചെയർമാനായി നിയമിക്കുകയും ചെയ്തു. 2011-12 വർഷം മുതൽ ചർച്ച് സപ്പോർട്ട് ഒരു കുടുംബത്തിന് മാസം 100 രൂപയായി പൊതുയോഗം നിശ്ചയിച്ചു.

### വിഭൂതി തിരുനാൾ

മാർച്ച് 7-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 7.30ന് വലിയ നോമ്പിന്റെ തുടക്കം കുറിക്കുന്ന വിഭൂതി തിരുനാളും അതിനോടനുബന്ധിച്ച അനുതാപ ശുശ്രൂഷയും തുടർന്ന് ദിവ്യബലിയും ഫാ. ജോർജ്ജ് കണ്ണംപറമ്പിലിന്റെ കാർമ്മികത്വത്തിൽ നടന്നു.

### വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

വി. യൗസേപ്പിതാവിന്റെ തിരുനാൾ മാർച്ച് 17 മുതൽ 20 വരെ ആചരിച്ചു. 17-ാം തിയ്യതി വ്യാഴാഴ്ച ഫാ. സിബി താന്നിക്കലും18-ാം തിയ്യതി ഫാ. ജോയ്സൺ തെക്കേകുടിയിലും 19-ാം തിയ്യതി ഫാ. അനീഷ് കട്ടക്കയവും വിശുദ്ധബലിയും വണക്കമാസ പ്രാർത്ഥനയും നടത്തി. 20-ാം തിയ്യതി ഞായറാഴ്ച 10.30ന് തിരുനാളിന്റെ കർമ്മങ്ങൾ ആരംഭിക്കുകയും പ്രസുദേന്തി വാഴിക്കൽ, ആഘോഷമായ പാട്ടുകുർബ്ബാന, ലദീഞ്ഞ് എന്നിവയ്ക്ക് സോളാപ്പൂർ മൈനർ സെമിനാരി റെക്ടർ ഫാ. മാത്യു വള്ളോപ്പിള്ളിൽ മുഖ്യകാർമ്മികനും, വികാരി ഫാ. ജെബിൻ പത്തിപ്പറമ്പിൽ സഹകാർമ്മികനുമായിരുന്നു. ഫാ. ഷൈബു മേലെതടത്തിലിന്റെ തിരുനാൾ സന്ദേശം ഏവരിലും ആത്മീയ ഉണർവ്വ് നൽകി. തിരുക്കർമ്മങ്ങൾക്കു ശേഷം നടത്തിയ ഊട്ടു നേർച്ചയിൽ ഇടവകാംഗങ്ങൾ ഏവരും പങ്കെടുത്തു.

### പിതൃവേദി തെരഞ്ഞെടുപ്പ്

മാർച്ച് 20-ാം തിയ്യതി യൗസേപ്പിതാവിന്റെ തിരുനാൾ കുർബ്ബാനക്കുശേഷം വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പിതൃവേദിയുടെ മീറ്റിംഗിൽ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

പള്ളിക്കമ്മറ്റിക്കുവേണ്ടി,
ട്രസ്റ്റിമാർ
**വി. എം. ജോർജ്ജ് & ടി. എം. ജോസ്**

## *WRITER'S BLOCK*

There he sits down to write
Can't pen a word - not wrong, nor right
His thoughts are bleak, nothing bright
He's reached a dark place, nothing in sight

He thinks, he thinks and in his thoughts he sinks
He's been searching all day for the broken link
An open door, a way out
Something he could write about

He sits there, biting his pencil
The words he has written still count nil
What is it, that he was doing wrong?
It never ever took him so long

He gets up to drink water, some $H_2O$
At least in water some thoughts would flow
Hoping in his darkness for something to glow
What is it that he did not know?

Tired he was, he'd had enough
Never had he felt writing so tough
He scratched his head, called out to the dead
"What's wrong with me?" loudly he said

He looks at his watch; it's past 12 O'clock,
"Damn", he said, "I've hit a WRITER'S BLOCK."
- by **Antonio Muriyadan**

## THE TIME

There comes a time when there is no hope,
The time when the faith has gone.
The time when the world should come together as one.
There is no peace around and the lights are getting darker.
The time when people show no love and care,
The time when children are crying,
And soldiers are dying and some don't have a home.
Then why make our lives harder.....
And let's make a change this time.
So let's come together and hold hands.
And let's make it a better world this time.

- Mincy Mathew

## FROM DEUTCHLAND(GERMANY)



Love and Prayers from Germany!!! I am Fr. Jis Mangaly here. Hope you have not forgotten me!!!

Since I am away from you, I thought of sharing some news with you!!!

I am in München (Munich) one of the beautiful cities of Germany and the second most expensive city in the world. München comes under the Bayern. Bayern is like a state or a region. And here People speak a dialect which is called BAYERISH and not exactly the CORRECT GERMAN LANGUAGE. The people of this region are mainly conservatives, they have their own dress code, language, food, etc… I am working in the München-Freising Archdiocese. Head of the Diocese is Cardinal Reinhard.

I am in a place called Aubing. The Aubinger (People of this place) celebrated the THOUSAND YEAR of this place last year!!! This is a small village but inside the City limit. As we have Mumbai and New Mumbai, here too we have Aubing and New Aubing. In the Aubing the Majority are Farmers (though we say farmers they are the richest ones here). And they mainly speak the dialect (Bayerish), so I hardly understand them. In New Aubing live the new generation, and they are innovative and open-minded.

Since I am staying with two MCBS priest, it **is** easy for me to learn everything. We have a Polish Lady who cooks for us. So very often, I get the taste of Indian curries. And today we have SAMBAR…ha…ha…ha…!!! I have to learn the language, the culture, the Liturgy and Church activities etc…Now I am appointed as the Asst. Parish Priest of St. Quirin Church Aubing. The Church building is 500 years old!!! This parish has more than 3500 parishners. Here we won't say we have so many of families but only the number of the family members. Because in a family only one may be coming to Church and others may be Protestants or may not be a believer even. And when it comes to the belief of the people, we cannot compare with our system of Church. The majority do not come to the Church because they all are very well settled in their life and they don't need God. Since People pay the Government in various ways, the Government provides all the securities of life. So why should they be worried about GOD??? They just enjoy their life…EAT, DRINK AND MAKE MERRY…!!! a sort of Charvaka Philosophy…!!! But the people are very friendly and helpful to me.

And I am a student now. Learning German language. Every day from 9 to 12.30, I go to the Language Institute. German Language is like an Ocean…am just sitting on the Seashore and wondering at it!!! We cannot think of being here without a sound knowledge of language. This year we had a severe Winter but I really enjoyed it!!! It was my first experience with snow…and it was a total wonder for me…As I share these things with you, the outside temperature is minus three. And that too is another firsthand experience that I live in minus degree…!!!

I am thankful to you for your Prayers, Support and Encouragement…Since I live in another culture, live with a people of different mentality and with a new language, I really need your prayers… When you kneel before God, please do remember me too…You can be sure of my humble prayers…I really miss you all and very often I hear it from you too…With an attitude of gratitude, I remember you all in mind !!!

With Love and Prayers

Dil Se
Your
Jisachan…

**Jis Mangaly**
**UBOSTRASSE 5**
**MUNCHEN 81245**
**GERMANY**
Phone 0049 89 89 13 66 930
Mobile 0049 15 12 90 84 911

**Email ID- jisjose.mangaly@gmail.com**

# പിതൃവേദി

പിതൃവേദിയുടെ ഫെബ്രുവരി മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് 13-2-2011 ഞായറാഴ്ച ആദ്യത്തെ കുർബ്ബാനയ്ക്ക് ശേഷം ബഹുമാനപ്പെട്ട ഇടവക വികാരി ജെബിനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഈ മീറ്റിംഗിൽവെച്ച് നോമ്പ് കാലത്തോടു കൂടി ഓൾഡ്എയ്ജ് ഹോമിലേക്കും, മഹാകാളിയിലുള്ള ചെഷയർ ഹോമിലേക്കും കൂടി വിസിറ്റ് നടത്തുന്ന കാര്യത്തെക്കുറിച്ചും പിതൃവേദിയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനെക്കുറിച്ചും ചർച്ചചെയ്ത് 8.55ന് യോഗം സമംഗളം പര്യവസാനിച്ചു. വീണ്ടും 6-2-2011ന് പിതൃവേദിയുടെ ഒരു എക്സിക്യൂട്ടീവ് യോഗം (വ്യാഴാഴ്ച) വൈകുന്നേരത്തെ കുർബ്ബാനയ്ക്ക് ശേഷം ബഹുമാനപ്പെട്ട ഇടവകവികാരി ജെബിനച്ചന്റെ അദ്ധ്യക്ഷതയിൽ ചേരുകയും മാർച്ച് മാസം 6-ാം തിയ്യതി ഞായറാഴ്ച ഓൾഡ്എയ്ജ് ഹോമിലേക്ക് പേകുന്നതിന് ഡേറ്റ് തീരുമാനിക്കുകയും ചെയ്തു. മാർച്ച് മാസം 20-ാം തിയ്യതി പള്ളിയിൽ ആഘോഷിക്കുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിലും, തുടർന്നുള്ള ഊട്ടു സദ്യയിലും പിതൃവേദിയുടെ എല്ലാവിധ സഹകരണവും ആശംസിക്കുകയും ചെയ്തു. പിതൃവേദിയും ഇപ്പോഴുള്ള 70-ൽപരം മെമ്പർമാരിൽനിന്നും ഓരോ കുടുംബ യൂണിറ്റിൽ നിന്നും ഒന്നോ രണ്ടോ പേരെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മറ്റി വിപുലപ്പെടുത്തുന്നതിനും, ഇനിയും കൂടുതൽ പിതാക്കളെ ഉൾപ്പെടുത്തി മെമ്പർഷിപ്പ് ഉയർത്തുന്നതിനും തീരുമാനമെടുത്ത് യോഗം ഏകദേശം രാത്രി 10 മണിയോടുകൂടി പര്യവസാനിച്ചു.

### ഓൾഡ്എയ്ജ് ഹോം സന്ദർശനം

മറോൾ ക്രിസ്തുരാജ് പള്ളിയിൽ നിന്നും പിതൃവേദിയുടെ നേതൃത്വത്തിൽ 6-03-2011 ഉച്ചതിരിഞ്ഞ് 2.30ന് സ്ത്രീകളും കുട്ടികളും അടക്കം ഇടവക വികാരി ജെബിനച്ചന്റെ സാന്നിദ്ധ്യത്തിൽ 47 പേർ മഹാകാളിയിലുള്ള ഓൾഡ്എയ്ജ് ഹോമിൽ പോവുകയും ഏകദേശം ഒന്നര മണിക്കൂർ അവരോടൊത്ത് കഴിയുകയും പിതൃവേദിയുടെ ഫണ്ടിൽനിന്നും സന്ദർശനത്തിന് പോയ ഉദാരമതികളായവരും ചേർന്ന് 6000രൂപ അവർക്ക് നല്കി. തുടർന്ന് മഹാകാളിയിൽ തന്നെയുള്ള അർനോൾഡ് ചർച്ചിനോട് ചേർന്നുള്ളചെഷയർ ഹോമിലേക്ക് ഞങ്ങൾ പോവുകയും അവരോടൊത്ത് ഒരു മണിക്കൂറിലധികം ചിലവഴിക്കുകയും പിതൃവേദിയുടേയും സ്നേഹനിധിയായ കുറച്ചുപേരുടെയും സഹായത്തോടെ ഇടവകവികാരി ജെബിനച്ചൻ അവർക്ക് 8200 രൂപ നല്കുകയും ചെയ്ത് ഞങ്ങൾ 5.30ന് മറോൾ പള്ളിയിൽ തിരിച്ചെത്തുകയും ചെയ്തു. ഓൾഡ്എയ്ജ് ഹോം സന്ദർശനത്തിന്വേണ്ടി എത്തിചേർന്ന എല്ലാവർക്കും സൗജന്യമായി ബസ്യാത്രാ സൗകര്യം ഒരുക്കിതന്ന സെൻറ് തോമസ് കുടുംബ യൂണിറ്റിലെ മി. പി. പി. വർഗ്ഗീസിനും, ഞങ്ങൾക്ക് വേണ്ട എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നല്കിയ സെൻറ് മേരീസ് യൂണിറ്റിലെ മി. ബിജു ആഗസ്റ്റിനും നന്ദിയുടെ പൂച്ചെണ്ടുകൾ.

എന്ന് പിതൃവേദി സംഘടനയ്ക്കുവേണ്ടി,

പ്രസിഡണ്ട്
എം. ഓ. ജോയി.

## Newly Elected Pithruvedi Representatives for 2011-2013

| | |
|---|---|
| President | Baby Alexander |
| Vice-President | George Kallookaran |
| Secretary | M.O. Joy |
| Joint-Secretary | C. J. Francis |
| Treasurer | Joseph P.V. |
| Zonal Representatives | A.I. Jose |
| | Binu Varghese |

**UNIT LEADERS**

| | |
|---|---|
| St. Mary's | - Ajay Augustine |
| Kristuraj | - Paul A.S. |
| Vimalamatha | - Davis K.D. |
| St. George | - David Joseph |
| St. Thomas | - Thomas K.O |
| St. Joseph | - Thomas K. Jose |
| Little Flower | - Sabu Joseph |
| St. Paul | - Lukose P. M. |
| St . Sebastian | - Tom Jose |
| St. John | - Devassy Paul |
| Nominated Members | - T. M. Baby |
| | Thomas Antony |
| | Joji George |

# മദ്യപാനം പാപമോ? തിരുവചന താളുകളിലൂടെ.....

മദ്യപാനം ഒരു സംസ്ക്കാരമെന്നോണം നമ്മുടെ സാമൂഹിക ജീവിതത്തിൽ ഉൾച്ചേർന്നിരിക്കുകയാണ്. കാരണം മദ്യപാനം പാപപ്രവൃത്തിയല്ലെന്ന് പരോക്ഷമായെങ്കിലും ധരിച്ചു വച്ചിരിക്കുന്നവരാണ് നമ്മിൽ അധികം പേരും. എന്നാൽ ബൈബിൾ മദ്യപാനത്തെ ഒട്ടും പോത്സാഹിപ്പിക്കുന്നില്ല എന്നത് തിരുവചനതാളുകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് കാണാൻ സാധിക്കും.

പഴയ നിയമ പുസ്തകം എടുക്കുമ്പോൾ കർത്താവ് അഹറോനോട് ഇപ്രകാരം പറയുന്നു. ''നീയും പുത്രൻമാരും സമാഗമകൂടാരത്തിലേക്ക് പോകുമ്പോൾ വീഞ്ഞോ ലഹരിസാധനങ്ങളോ കുടിക്കരുത്. കുടിച്ചാൽ നിങ്ങൾ മരിക്കും. ഇതു നിങ്ങൾക്കു തലമുറതോറും ശാശ്വതമായ നിയമമായിരിക്കും. വിശുദ്ധവും അവിശുദ്ധവും, ശുദ്ധവും അശുദ്ധവും നിങ്ങൾ വേർതിരിച്ചറിയണം'' (ലേവ്യർ 10:9).

ഏശയ്യാ പ്രവാചകൻെറ പുസ്തകത്തിലൂടെ നമുക്ക് കടന്നു പോകാം. മദ്യപാനത്തെയും മദ്യപാനികളെയും ദൈവം തിരുവചനങ്ങളിലൂടെ ശാസിക്കുന്നതു നമുക്കു കാണുവാൻ സാധിക്കും.

''ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടാൻ വേണ്ടി അതിരാവിലെ ഉണരുകയും വീഞ്ഞു കുടിച്ചു മദിക്കാൻ വേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്കു ദുരിതം'' (ഏശയ്യ 5:11)

''വീഞ്ഞു കുടിക്കുന്നതിൽ വീരൻമാരും വിവിധതരം മദ്യം കൂട്ടിക്കലർത്തുന്നതിൽ വിരുതൻമാരും ആയവർക്കു ദുരിതം'' (ഏശയ്യ 5:22)

''മദ്യം അതു കുടിക്കുന്നവർക്ക് അരോചകമായിത്തീരുന്നു'' (ഏശയ്യ 24:9)

''വിസ്മയസ്തബ്ധരാകുവിൻ, നിങ്ങളെത്തന്നെ അന്ധരാക്കുവിൻ, ഉൻമത്തരാകുവിൻ, എന്നാൽ വീഞ്ഞുകൊണ്ടാവരുത്, അടി നടക്കുവിൻ, എന്നാൽ മദ്യപിച്ചിട്ടാവരുത്'' (ഏശയ്യ 29:9)

''നിങ്ങൾ കർത്താവിനെ ഉപേക്ഷിക്കുകയും എൻെറ വിശുദ്ധ ഗിരിയെ മറക്കുകയും ഭാഗ്യദേവനു പീഠമൊരുക്കുകയും വിധിയുടെ ദേവനു വീഞ്ഞു കലർത്തി പാനപാത്രം നിറയ്ക്കുകയും ചെയ്തു. ഞാൻ നിങ്ങളെ വാളിനേല്പിക്കും.'' (ഏശയ്യ 65:11)

ബാർ ലൈസൻസുകൾ വഴി ലക്ഷങ്ങളും കോടികളും സമ്പാദിക്കുന്നവർക്കു നേരെ ജറമിയാ പ്രവാചകനിലൂടെ കർത്താവ് ഉയർത്തുന്ന ഒരു ചോദ്യമുണ്ട്.

''അർഹിക്കാത്തവനെപ്പോലും പാനപാത്രത്തിൽ നിന്ന് കുടിപ്പിക്കുമെങ്കിൽ നിന്നെ വെറുതേ വിടുമോ? നീ ശിക്ഷിക്കപ്പെടാതിരിക്കുകയില്ല.'' (ജറമിയാ 44 : 12) സമ്പത്തിൻെറ തികവിൽ അഹങ്കാരികളായിത്തീരുമ്പോൾ കർത്താവ് അവർക്ക് നൽകുന്ന ഒരു അന്തിമ മറുപടി ഒബദിയാ പ്രവാചകൻെറ പുസ്തകത്തിൽ കാണാം.

''നീ കഴുകനെപ്പോലെ ഉയർന്നു പറന്നാലും നക്ഷത്രങ്ങളുടെയിടയിൽ കൂട്ടുകൂടിയാലും അവിടെ നിന്നു നിന്നെ ഞാൻ താഴെയിറക്കും'' (ഒബാ 1:4)

(പ്രഭാഷകൻ 31;25) -ൽ ഇപ്രകാരം പറയുന്നു: '' വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ടാ, വീഞ്ഞ് അനേകരെ വഴി തെറ്റിച്ചിട്ടുണ്ട്.''

ജോയേൽ പ്രവാചകൻെറ പുസ്തകം ഒന്നാം അദ്ധ്യായം 5-ാം തിരുവചനം പറയുന്നു ''മദ്യപൻമാരേ, ഉണർന്നു വിലപിക്കുവിൻ, വീഞ്ഞു കുടിക്കുന്നവരേ നെടുവീർപ്പിടുവിൻ, മധുരിക്കുന്ന വീഞ്ഞു നിങ്ങളുടെ അധരങ്ങളിൽ നിന്നു തട്ടിമാറ്റിയിരിക്കുന്നു'' (ജോയേൽ 1:5)

മദ്യപാനം പാപമാണെന്നും മദ്യപാനികളുടെ ജീവിതാവസ്ഥ എന്തായിത്തീരുമെന്നും സുഭാഷിതങ്ങൾ വളരെ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.

''വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവകേമില്ല'' (സുഭാ. 20:1)

''വീഞ്ഞിലും സുഗന്ധ തൈലത്തിലും ആസക്തി കാട്ടുന്നവൻ ധനവാനാവുകയില്ല'' (സുഭാ. 21:17)

''അമിതമായി വീഞ്ഞുകുടിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ പ്പെടരുത്. എന്തെന്നാൽ മദ്യപാനം ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും. മത്തുപിടിച്ചു മയങ്ങുന്നവന് കീറത്തുണിയുടുക്കേണ്ടിവരും'' (സുഭാ. 23:21-21)

സുഭാഷിതങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗം (23:29-34)

''ദുരിതവും കലഹവും ആവലാതിയും ആർക്കാണ്? ആർക്കാണ് അകാരണമായ മുറിവുകൾ? ആരുടെ കണ്ണാണ് ചുവന്നു കലങ്ങിയത്? വീഞ്ഞുകുടിച്ചു സമയം പോക്കുന്നവർക്കും വീഞ്ഞു കലർത്തി രുചി പരീക്ഷിക്കുന്നവർക്കും തന്നെ. ചഷകങ്ങളിൽ വീഞ്ഞു ചെമന്നു തിളങ്ങി കവിഞ്ഞൊഴുകുന്നതു നോക്കിയിരിക്കരുത്. അവസാനം അതു പാമ്പിനെപ്പോലെ കടിക്കുകയും അണലിയെ പ്പോലെ കൊത്തുകയും ചെയ്യും. അപ്പോൾ നീ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും. നീ നടുക്കടലിൽ അകപ്പെട്ടവനെപ്പോലെയും പാമരത്തിൻെറ മുകളിൽ തൂങ്ങിക്കിടക്കുന്നവനെപ്പോലെയും ആയിത്തീരും.''

മദ്യപാനിയായ ഒരു ഭർത്താവിനോടൊപ്പം ജീവിക്കാൻ ഒരു സ്ത്രീയും ആഗ്രഹിക്കുന്നില്ല. തൻെറ പിതാവ് ഒരു മദ്യപാനിയായി കാണാൻ ഒരു മകനോ മകളോ ആഗ്രഹിക്കുന്നില്ല. സമൂഹത്തിൻെറ അടിസ്ഥാന ഘടകമായ കുടുംബം ശിഥിലീകരിക്കപ്പെടുന്നതിനു വഴി തെളിക്കുന്ന ഒരു സാമൂഹിക തിൻമയായിട്ടെ മദ്യപാനത്തെ കാണാൻ സാധിക്കൂ. സുബോധം നഷ്ടപ്പെടുമ്പോൾ തന്നെ ആശ്രയിച്ചു കഴിയുന്ന കുടുംബാംഗങ്ങളുടെ അവകാശങ്ങൾ അവർ അവഗണിക്കുന്നു.

''വീഞ്ഞു രാജാക്കൻമാർക്കു ചേർന്നതല്ലാ, ലഹരി പാനീയങ്ങളിൽ ആസക്തി ഭരാണാധി പൻമാർക്കു ഉചിതമല്ല. മദ്യപിക്കുമ്പോൾ അവർ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും'' (സുഭാ. 31:4-5)

''വീഞ്ഞും പുതുവീഞ്ഞും സുബോധം കെടുത്തും.'' (ഹോസി. 4:11)

മദ്യപാനികളുടെ കുടുംബം കടുത്ത സാമ്പത്തിക തകർച്ചയിൽ മുന്നോട്ട് നീങ്ങുന്നത് നാം കണ്ടിട്ടുണ്ടാവാം, അതിൽ അതിശയോക്തി തോന്നേണ്ട കാര്യമില്ല. കാരണം വി. ലിഖിതം നമുക്കത് കാണിച്ചു തരുന്നു.

''മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാ നാകയില്ല, വീഞ്ഞും സ്ത്രീയും ബുദ്ധിമാൻമാരെ വഴി തെറ്റിക്കുന്നു.'' (പ്രഭാ. 19:1-2)

മദ്യപാനം നമ്മെ ഭ്രമിപ്പിക്കുന്ന മോഹങ്ങളിലേക്ക് നയിക്കും. ''ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്ക്കളങ്ക ഹൃദയത്തെ വഴി തെറ്റിക്കുന്നു'' എന്ന് തിരുവചനം പഠിപ്പിക്കുന്നു.

പുതിയ നിയമ പുസ്തകത്തിൽ, സ്നാപക യോഹന്നാൻെറ ജനനത്തെക്കുറിച്ച്, വി. ലൂക്കാ യുടെ സുവിശേഷം ഇപ്രകാരം പറയുന്നു. ''കർത്താവിൻെറ സന്നിധിയിൽ അവൻ വലിയ വനായിരിക്കും. വീഞ്ഞോ മറ്റു ലഹരി പാനീയ ങ്ങളോ അവൻ കുടിക്കുകയില്ല.'' (ലൂക്ക 1:15)

വി. പൗലോസ്ശ്ലീഹാ കൊറിന്തോസുകാർ ക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു.

''അസൻമാർഗ്ഗികളും, വിഗ്രഹാരാധകരും, വ്യഭിചാരികളും, സ്വവർഗ്ഗഭോഗികളും, കള്ളൻ മാരും അത്യാഗ്രഹികളും, മദ്യപൻമാരും, പരദൂഷകരും, കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല'' (1കൊറി. 6:10)

ഗലാത്തിയക്കാർക്കുള്ള ലേഖനത്തിൽ വീണ്ടും ഇത് ആവർത്തിച്ചു പറയുന്നു. ''ജഡത്തിൻെറ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാ രാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശ്യമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്ക് നല്കിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു.'' (ഗലാ. 5:21)

മദ്യപിക്കുകയും മറ്റുള്ളവരെ അതിലേക്ക് ആകർഷിച്ച് കെണിയിൽപ്പെടുത്തുകയും ചെയ്യുന്നവരോട് തിരുവചനം പറയുന്നു. ''മാംസം ഭക്ഷിക്കാതെയും വീഞ്ഞ് കുടിക്കാ തെയും നിൻെറ സഹോദരനു പാപകാരണ മാകുന്നതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്'' (റോമ. 14:21)

''നിങ്ങൾ വീഞ്ഞുകുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവി നാൽ പൂരിതരാകുവിൻ'' (എഫേ. 5:18)

''ഒരേ സമയം കർത്താവിൻെറ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. കർത്താവിൻെറ മേശയിലും പിശാചുക്കളുടെ മേശയിലും ഭാഗ ഭാക്കുകളാകാനും സാധിക്കുകയില്ല. കർത്താ വിൽ നാം അസൂയ ഉണർത്തണമോ? നാം അവിടുത്തെക്കാൾ ശക്തരാണോ?'' (1 കൊറി. 10:21-22)

''ആരോഗ്യത്തിന് ഹാനികരം'' എന്ന പരസ്യ

ത്തോടൊപ്പം മദ്യം ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിൽപ്പന നടത്തുവാൻ അനുവദിക്കുന്ന സർക്കാർനയം വളരെ വിചിത്രമായി തോന്നുന്നു. ശരീരത്തെ കാർന്നു തിന്നുന്ന മാരകരോഗങ്ങൾക്ക് അടിമകളായിത്തീരുന്ന മദ്യപാനികൾ നമുക്ക് ചുറ്റും എത്രയോ ആണ്. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണെന്ന് തിരുവചനം പഠിപ്പിക്കുന്നത് നാം മറന്നുകൂടാ. ''നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിന്റെ ആലയം പരിശുദ്ധാത്മാവാണ്. ആ ആലയം നിങ്ങൾ തന്നെ'' (1 കൊറി. 3:16-17)

മദ്യപാനം നിരവധി രോഗങ്ങൾക്കും ദാരുണമായ അന്ത്യത്തിനും വഴി തെളിയിക്കുമെന്ന് 1 കൊറി. 11:23-31 നമ്മെ പഠിപ്പിക്കുന്നു. ''ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബ്ബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചു പോയതിനും കാരണമിതാണ്.'' (1 കൊറി. 11:29-30)

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ 5:24 തിരുവചനം പറയുന്നു. ''തീനാളത്തിൽ വൈക്കോൽത്തുരുമ്പുപോലെ, അഗ്നി ജ്വാലയിൽ ഉണക്കപ്പുല്ലുപോലെ, അവരുടെ വേരു ജീർണ്ണിക്കും. അവരുടെ പുഷ്പങ്ങൾ പൊടി പോലെ പറന്നുപോകും. കാരണം അവൻ സൈന്യങ്ങളുടെ കർത്താവിന്റെ നിയമത്തെ നിരസിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനായവന്റെ വചനത്തെ നിന്ദിക്കുകയും ചെയ്തു'' (ഏശയ്യ 5;24)

മദ്യപാനം പാപമാണെന്ന പൂർണ്ണ ബോധ്യത്തോടെ, അതിൽ നിന്നും പിന്തിരിയാൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. നമ്മുടെ കുടുംബങ്ങൾ യേശുവിന്റെ സ്നേഹത്തിലും സമാധാനത്തിലും വളരട്ടെ. അതിനായി ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കട്ടെ!

''കർത്താവേ, നീതിപൂർവ്വം എന്നെ തിരുത്തണമെ, എന്നാൽ കോപത്തോടെ അരുതേ, അല്ലെങ്കിൽ ഞാൻ ഇല്ലാതായിപ്പോകും'' (ജറമിയ 10:24)

**മിസ്സ് ആൻ മരിയ**

സെവൻ ഹിൽസ് ഹോസ്പിറ്റൽ, മുംബൈ

## A SONG OF SORROW & JOY

LIFE is something I dreamt of,
When I had sorrow ,
When I was in pain ,
Crying and weeping.

There was no one to comfort ME,
But there was someone in MY HEART,
Whom I never dreamt of;
But all those sacrifices,
Which someone gave me was for my good.

I enjoyed that life,
Filled full of happiness,
The sorrow and joy,
Which I enjoyed,
Because of one person,
When I looked back to my LIFE,
I looked for one person in my heart,
That was MY BEST FRIEND "GOD".

- BY ANGEL VARGHESE
St. Paul Unit

## ഫലിത ബിന്ദുക്കൾ

കുട്ടി : ''ഗാന്ധിജിയുടെ പടങ്ങൾ വെട്ടി സൂക്ഷിച്ചതിന്'' ടീച്ചർ കാരണം എനിക്ക് ഇന്നലെ പപ്പായുടെ കൈയ്യിൽ നിന്നും കുറേ അടികിട്ടി.
ടീച്ചർ : കുട്ടി എവിടെ നിന്നാണ് പടങ്ങൾ വെട്ടിയെടുത്തത്.
കുട്ടി : പപ്പായുടെ പോക്കറ്റിൽകിടന്ന ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകളിൽ നിന്ന്.

---

എന്നും സ്കൂളിൽ പോവുകയും ക്രിക്കറ്റ് കളിയിൽ തല്പരനുമായ കുട്ടി സയൻസ് പരീക്ഷയിൽ വട്ടപൂജ്യം മാർക്കുമായി വീട്ടിൽ വന്നപ്പോൾ മമ്മിചോദിച്ചു : ''എന്താമകനേ നീ സയൻസിൽ വട്ടപൂജ്യം മാർക്കും ആയി വന്നിരിക്കുന്നത്''?
മകൻ : ''ഒന്നു പറയേണ്ട മമ്മി, ശാസ്ത്രം ജയിച്ചു. മനുഷ്യൻ തോറ്റു. എന്നാലും ക്രിക്കറ്റിനെ കുറിച്ചോ, വേൾഡ് കപ്പിനെക്കുറിച്ചോ, സച്ചിൻ തെന്തുൽക്കറിനെ പറ്റിയോ കുറച്ച് ചോദ്യങ്ങൾ വരികയാ ണെങ്കിൽ ഞാൻ ഫുൾ മാർക്ക് കൊണ്ടുവരുമായിരുന്നു.''

എം. ഓ. ജോയി, വിമലമാതാ യൂണിറ്റ്.

# യൂണിറ്റ് വാർത്തകൾ

**ലിറ്റിൽഫ്ലവർ യൂണിറ്റ്**
(ബ്ലോസം, അശോക് നഗർ)

ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ കുടുംബ പ്രാർത്ഥന എല്ലാമാസവും മുടങ്ങാതെ ജെബിനച്ചൻെറ നേതൃത്വത്തിൽ നടത്തിവരുന്നു. ഈ കുടുംബ പ്രാർത്ഥനയിൽ യൂണിറ്റിലെ എല്ലാവരും സജീവമായി പങ്കെടുക്കുന്നുണ്ട്. യൂണിറ്റിലെ ക്രിസ്മസ് കരോൾ എല്ലാ വർഷത്തേയും പ്പോലെ ഈ വർഷവും വളരെ ഭംഗിയായി നടത്താൻ സാധിച്ചത് യൂണിറ്റിലെ എല്ലാവരു ടെയും സഹകരണം ആണ്. സാന്തോക്ലോ സായി വേഷമിട്ടത് മി. സാബു ജോസഫ്, മി. ജോളി ആൻറണി, മാസ്റ്റർ ജെസ്‌വിൻ എന്നി വർ ആയിരുന്നു. പുൽക്കൂട് മത്സരത്തിൽ മുതിർ ന്നവരും യുവജനങ്ങളും കുട്ടികളും സജീവമായി പങ്കെടുത്ത് യൂണിറ്റ് 2-ാം സ്ഥാനം കരസ്ഥമാക്കി.

ഡിസംബറിൽ അന്ധേരി വെസ്റ്റ് സെൻറ് മേരീസ് സ്കൂളിൽ വച്ച് നടത്തിയ സോണൽ കരിസ്മാറ്റിക് കൺവെൻഷനിൽ യൂണിറ്റിൽ നിന്ന് നിരവധിപേർ പങ്കെടുത്തു. നവംബർ 14-ാം തിയ്യതി ക്രിസ്തുരാജ് ചർച്ചിൽ വച്ചു നടത്തിയ ബൈബിൾ ലോഗോ ക്വിസ് മത്സര ത്തിൽ നമ്മുടെ യൂണിറ്റിൽ നിന്നു മിസ്സിസ് റോസി പൗലോസ്, മിസ്സിസ് മേഴ്സി ജോർജ്ജ് എന്നിവർ പങ്കെടുത്തു. 92 മാർക്കു വാങ്ങി റോസി പൗലോസ് 2-ാം സ്ഥനം കരസ്ഥമാക്കി. മിസ്സിസ് മേഴ്സി ജോർജ്ജ് 59 മാർക്കും നേടി. രണ്ടുപേർക്കും യൂണിറ്റിൻെറ പേരിൽ അഭിനന്ദന ങ്ങൾ നേരുന്നു. മാസത്തിൻെറ രണ്ടാം വ്യാഴാഴ്ച കുർബ്ബാനയ്ക്കുശേഷം ജെബിനച്ചൻ മാതൃ സംഘത്തിനായി നടത്തുന്ന ക്ലാസ്സിൽ ഈ യൂണിറ്റിൽ നിന്നും ധാരാളം അമ്മമാർ പങ്കെടു ത്തുവരുന്നു. 2011ലെ മാതൃസംഘത്തിൻെറ പ്രസിഡണ്ട് ആയി മിസ്സിസ് ആഷ്‌ലി ജസ്റ്റി നേയും വൈസ് പ്രസിഡണ്ട് ആയി മിസ്സിസ് ലാലി സാബുവിനെയും തിരഞ്ഞെടുത്തു. രണ്ടുപേർക്കും യൂണിറ്റിലെ എല്ലാവരുടേയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വിശുദ്ധ സെബസ്ത്യാനോസിൻെറ തിരുനാൾ ജനുവരി15, 16 തിയ്യതികളിൽ ഇടവക ആഘോ ഷിച്ചപ്പോൾ യൂണിറ്റംഗങ്ങൾ എല്ലാവരും ഭക്തിപൂർവ്വം അമ്പുപ്രദിക്ഷിണം ഓരോ ഭവനത്തിലും നടത്തുകയുണ്ടായി. യൂണിറ്റിൽ നിന്ന് നിരവധി പ്രസുദേന്തിമാർ ഉണ്ടായിരുന്നു.

ജനുവരി 8-ാം തിയ്യതി യൂണിറ്റിലെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് മി. ജോഷി അഗസ്റ്റിൻ, വൈസ് പ്രസിഡണ്ട് മി. എൻ. ഒ. ജോസ്, സെക്രട്ടറി മിസ്സിസ് പൗളി ജേക്കബ്, ജോയിൻറ് സെക്രട്ടറി മിസ്സിസ് സിബി ജോളി, ട്രഷറർ മി. ജസ്റ്റിൻ ജോർജ്ജ് - എല്ലാവർക്കും യൂണിറ്റിലെ എല്ലാവരുടെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഫെബ്രുവരി മാസത്തിൽ യൂണിറ്റിലെ എല്ലാ വീടുകളും വികാരിയച്ചൻ സന്ദർശിച്ച് വീട് വെഞ്ചിരിപ്പും കുടുംബ പ്രതിഷ്ഠയും നടത്തുകയും ചെയ്തു. യൂണിറ്റിലെ മിസ്സിസ് ട്രീസാ ജോർജ്ജിൻെറ വത്സല മാതാവ് ജനുവരി 8-ാം തിയ്യതി കർത്താ വിൽ നിദ്രപ്രാപിച്ചു. അന്നു വൈകിട്ട് 5 മണിക്ക് പരേതയുടെ മൃതസംസ്ക്കാരം തൃശൂർ പുത്തൻ പള്ളിയിൽ നടത്തപ്പെട്ടു. യൂണിറ്റിലെ മിസ്സിസ് ലാലി സാബുവിൻെറ വത്സല പിതാവ് മി. പൗലോസ് പുളിത്തറയുടെ 5-ാം ചരമവാർഷികം ഫെബ്രുവരി 6-ാം തിയ്യതി ആചരിച്ചു. ഫെബ്രുവരി 6-ാം തിയ്യതി സോണൽ മാതൃസംഘത്തിൻെറ പിക്നിക്കിൽ യൂണിറ്റിൽ നിന്ന് നിരവധി അമ്മമാർ പങ്കെടുത്തു. ഫെബ്രുവരി 22-ാം തിയ്യതി യൂണിറ്റിലെ മി. പി. ഒ. പൗലോസ് - റോസി ദമ്പതികളുടെ മകൻ ജോൺ - നിറ്റോ ദമ്പതികൾക്ക് ഒരു കുഞ്ഞ് ജനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. യൂണിറ്റിൽ രണ്ട് അംഗങ്ങളെക്കൂടി തന്ന ദൈവത്തിനു നന്ദി പറയുന്നു. ഫെബ്രുവരി 12-ാം തിയ്യതി മിസ്സിസ് സിസിലി തോമസിൻെറ ഭവനത്തിൽ കുടുംബ പ്രാർത്ഥന നടത്തി. ജനുവരി 23-ാം തിയ്യതി മി. ജോഷി അഗസ്റ്റിൻെറ ഭവനത്തിൽ കുടുംബ പ്രാർത്ഥന നടത്താൻ തീരുമാനിക്കപ്പെട്ടു. കാരുണ്യവാനായ ദൈവ ത്തിൻെറ കൃപയും അനുഗ്രഹവും നമ്മുടെ എല്ലാവരുടെയും മേൽ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സെക്രട്ടറി,
**മിസ്സിസ് അന്നമ്മ മാത്യു**
ലിറ്റിൽ ഫ്ലവർ യൂണിറ്റ്

## സെൻറ് തോമസ് യൂണിറ്റ്
(ഭവാനി നഗർ)

സെൻറ് തോമസ് യൂണിറ്റിൻെറ കുടുംബയോഗം ജനുവരി മാസം മി. കെ. ഒ. തോമസ്സിൻെറ വസതിയിൽ നടത്തുകയുണ്ടായി. അന്നേ ദിവസം യൂണിറ്റിലെ എല്ലാവരും തന്നെ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തിരുന്നു.

ഈ യൂണിറ്റിലെ സജീവ അംഗമായ മി. കെ. ഒ. തോമസിൻെറ സഹോദരൻ മി. കെ. ഒ. മാത്യു കഴിഞ്ഞ ഡിസംബർ മാസം 26ന് ആകസ്മികമായി നിര്യാതനായി. ശവസംസ്ക്കാരം 27ന് 4 മണിക്ക് തൃശ്ശൂർ വേലൂപാടം സെൻറ് ജോസഫ് പള്ളി സെമിത്തേരിയിൽ നടത്തുകയുണ്ടായി. യൂണിറ്റിലെ എല്ലാവരും പ്രാർത്ഥനാ യോഗത്തിൽ മരിച്ചയാളുടെ ആത്മാവിന് വേണ്ടി പ്രാർത്ഥിക്കുകയും, അനുശോചനം അറിയിക്കുകയും ചെയ്തു.

ഫെബ്രുവരി മാസം 8, 9 തിയ്യതികളിൽ ഇടവക വികാരി ജെബിനച്ചൻ യൂണിറ്റിലെ കുടുംബങ്ങൾ സന്ദർശിക്കുകയും വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കുകയുമുണ്ടായി. ജെബിനച്ചന് യൂണിറ്റിലെ എല്ലാവരേയും നേരിൽ കാണാനും, പരിചയപ്പെടാനും ഇതു അവസരമൊരുക്കി. കാരുണ്യവാനായ ദൈവത്തിൻെറ കൃപ എല്ലാവരുടെ മേൽ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

യൂണിറ്റിനുവേണ്ടി, സെക്രട്ടറി
സോജൻ ജോസഫ്

## വിമലമാതാ യൂണിറ്റ്
(മറോൾ മറോഷി റോഡ്)

വിമലമാതാ യൂണിറ്റിൻെറ കുടുംബസമ്മേളനം എല്ലാ മാസവും ബുധനാഴ്ച വൈകുന്നേരം 8.30ന് ഓരോ വീടുകളിലും മാറിമാറി നടത്തിവരുന്നു.

ക്രിസ്തുമസ് കരോൾ : 2011ലെ ക്രിസ്തുമസ് കരോൾ നമ്മുടെ ഇടവകയിൽ ഡിസംബർ 19-ാം തിയ്യതി ആരംഭിച്ചു. അതിൽ വിമലമാതാ യൂണിറ്റ് ഡിസംബർ 19-ാം തിയ്യതി 8.30ന് മി. സെബി ഫ്രാൻസീസിൻെറ വസതിയിൽ നിന്നും തുടങ്ങി ശേഷം എല്ലാ വീടുകളിലും ഉണ്ണി ഈശോയുടെ രൂപവും കൊണ്ടുപോയി. ഉണ്ണി ഈശോയുടെ ജനന തിരുനാൾ അറിയിക്കുകയും ചെയ്തു. കരോളിൽ ഈ യൂണിറ്റിൽ നിന്നും എല്ലാവരും തന്നെ പങ്കെടുത്തു. നമുക്കോരോരുത്തർക്കും ഉണ്ണി ഈശോയുടെയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സെൻറ് സെബാസ്റ്റ്യൻ ഫീസ്റ്റ് : ജനുവരി 15-16 തിയ്യതികളിൽ നമ്മുടെ ഇടവകയിൽ വി. സെബാസ്ത്യാനോസിൻെറ തിരുനാൾ നടത്തുകയുണ്ടായി. 15-ാം തിയ്യതി വൈകുന്നേരം നടത്തിയ വി. ബലിയിലും, ശേഷം യൂണിറ്റിലെ എല്ലാ വീടുകളിലും അമ്പെഴുന്നള്ളിപ്പ് നടത്തുകയും ചെയ്തു. ഒടുവിൽ അമ്പ് മി. സെബി ഫ്രാൻസീസിൻെറ വസതിയിൽ വയ്ക്കുകയും പിറ്റെദിവസം രാവിലെ 10 മണിയോടെ അമ്പ് പള്ളിയിൽ വയ്ക്കുകയും ചെയ്തു. 16-ാം തിയ്യതി നടത്തിയ ആഘോഷമായ ദിവ്യബലിയിലും ശേഷം നടത്തിയ തിരുനാൾ പ്രദക്ഷിണത്തിലും ഈ യൂണിറ്റിലെ എല്ലാവരും പങ്കെടുത്തു. ഈ യൂണിറ്റിൽ നിന്നും പ്രസുദേന്തിമാരായി മി. ബോബൻ ജേക്കബ്, മി. എ. ഐ. സെബാസ്റ്റ്യൻ. മി. സെബി ഫ്രാൻസീസ്, മാസ്റ്റർ ഷാൻ സെബി എന്നിവർ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത എല്ലാവർക്കും നമുക്കോരോരുത്തർക്കും വിശുദ്ധൻെറ എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുന്നു.

ഉണ്ണി ഈശോയുടെ തിരുനാൾ: നമ്മുടെ ഇടവകയിൽ നിന്നും ഉണ്ണി ഈശോയുടെ തിരുന്നാൾ പ്രമാണിച്ച് നാസിക്കിലേയ്ക്ക് 2011 ഫെബ്രുവരി 20-ാം തിയ്യതി ഞായറാഴ്ച പോകുകയുണ്ടായി. അതിൽ വിമലമാതാ യൂണിറ്റിൽ നിന്നും സാധിക്കാവുന്ന എല്ലാവരും തന്നെ പങ്കെടുത്തിരുന്നു.

വീട് വെഞ്ചിരിപ്പ്: വിമലമാതാ യൂണിറ്റിൻെറ വീടുകൂദാശ 2011 ഫെബ്രുവരി 22-ാം തിയ്യതി വൈകുന്നേരം 6.30 മുതൽ തുടങ്ങി ഈ യൂണിറ്റിലെ എല്ലാവീടുകളിലും നമ്മുടെ ഇടവക വികാരി ബഹു. ജെബിനച്ചൻ വീട്ടുകൂദാശ നടത്തുകയുണ്ടായി. സമയംപോലും മറന്ന് എല്ലാ വീടുകളിലും ഓടിയെത്തിയ ബഹു. ജെബിനച്ചനെ നന്ദിയോടെ ഓർക്കുന്നു.

യൂത്ത് റിട്രീറ്റ്: നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി ഒരുക്കിയ ധ്യാനത്തിൽ വിമലമാതാ യൂണിറ്റിൽ നിന്നും എല്ലാ കുട്ടികളും പങ്കെടുത്തിരുന്നു. ഇങ്ങനെ ഒരു അവസരം

നമ്മുടെ കുട്ടികൾക്കായി ഒരുക്കിയ ബഹു. ജെബിനച്ചനെ നന്ദിയോടെ ഓർക്കുന്നു.

**ഓൾഡ് എയ്ജ് ഹോം വിസിറ്റ്:** മാർച്ച് 6-ാം തിയ്യതി ഉച്ചകഴിഞ്ഞ് നമ്മുടെ ക്രിസ്തുരാജ് ഇടവകയിൽനിന്നും ഓൾഡ് എയ്ജ് ഹോമിലേക്ക് നടത്തിയ വിസിറ്റിൽ വിമലമാതാ യൂണിറ്റിൽ നിന്നും സാധിക്കാവുന്ന എല്ലാവരും തന്നെ പങ്കെടുത്തിരുന്നു.

ആദരാജ്ഞലി: വിമലമാതാ യൂണിറ്റിന്റെ അംഗമായ മിസ്സിസ് ഗ്രേസി ഡേവിസിന്റെ വത്സല മാതാവ് ഫെബ്രുവരി 11-ാം തിയ്യതി വെള്ളിയാഴ്ച കർത്താവിൽ നിദ്രപാപിച്ചു. ശവസംസ്ക്കാര ചടങ്ങ് ഞായറാഴ്ച ഉച്ചക്ക് (13-2-11) മുള്ളുണ്ടിൽ നടത്തുകയുണ്ടായി. ഈ യൂണിറ്റിൽ നിന്നും എല്ലാവരും തന്നെ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

വിമലമാതാ യൂണിറ്റിന്റെ അംഗമായ മിസ്സിസ് ആനി ജോർജ്ജിന്റെ പ്രിയ സഹോദരൻ മാർച്ച് 5-ാം തിയ്യതി കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്ക്കാരചടങ്ങ് മാർച്ച് 6-ാം തിയ്യതി കേരളത്തിലെ മുക്കാട്ടുകര സെന്റ് ജോർജ്ജ് പള്ളിയിൽ നടത്തി. ഈ രണ്ടു കുടുംബത്തേയും യൂണിറ്റിന്റെ പേരിലും വ്യക്തിപരമായ പേരിലും അനുശോചനം അറിയിക്കുന്നു. മരിച്ചുപോയ ആത്മാക്കൾക്ക് നിത്യശാന്തി കിട്ടാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിമലമാതാ യൂണിറ്റിന്റെ മാർച്ച് മാസത്തിലെ കുടുംബ സമ്മേളനം 16-ാം തിയ്യതി ബുധനാഴ്ച വൈകുന്നേരം 8.30ന് മി. പി. വി. ജോസഫിന്റെ വസതിയിൽ ബഹു. ജെബിനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബഹു. ജെബിനച്ചൻ അനൗൺസ് ചെയ്തതുപോലെ ഇപ്പോൾ സേക്രട്ട് ഹാർട്ട് യൂണിറ്റിനെ വിമലമാതാ യൂണിറ്റിനോട് ഒന്നിപ്പിച്ചു. 16-ാം തിയ്യതി നടന്ന പ്രാർത്ഥനായോഗത്തിൽ സേക്രട്ട് ഹാർട്ട് യൂണിറ്റിനെ വിമലമാതാ യൂണിറ്റിലേക്ക് സ്വാഗതം ചെയ്യുകയുണ്ടായി. വിമലമാത യൂണിറ്റിലേക്ക് അഞ്ച് കുടുംബങ്ങൾകൂടി വന്നു.

1. Mr. Mathai George & Family
2. Mr. Antony M. L. & Family
3. Mrs. Kathreena & Family
4. Mr. Paul P. C. & Family
5. Mr. Francis T. K. & Family

യൂണിറ്റ് ഭാരവാഹികൾ: വിമലമാതായൂണിറ്റിന്റെ അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളെ നമ്മുടെ ഇടവക വികാരി ബഹു. ജെബിനച്ചന്റെ അദ്ധ്യക്ഷതയിൽ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| President | - | Mrs. Shally Joseph |
| Vice President | - | Mrs. Beena Paul |
| Parish Council Member | - | Mr. George K. A. |
| Secretary | - | Mrs. Gracy Joy |
| Jt. Secretary | - | Mrs. Bini Francis |
| Treasurer | - | Mrs. Gracy Davis |

എല്ലാവർക്കും യൂണിറ്റിന്റെ അഭിനന്ദനങ്ങൾ

നമ്മുടെ ഇടവകയിൽ 17, 18, 19, 20 തീയ്യതികളിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയുണ്ടായി. 20-ാം തിയ്യതി നടത്തിയ ആഘോഷമായ ദിവ്യബലിയിലും ഊട്ടുതിരുനാളിലും ഈ യൂണിറ്റിൽ നിന്നും എല്ലാവരും തന്നെ പങ്കെടുത്തു. അന്നേ ദിവസം തന്നെ നടത്തിയ പിതൃവേദിയുടെ ഇലക്ഷനിൽ സെക്രട്ടറിയായി എം. ഓ. ജോയിയെയും യൂണിറ്റ് മെമ്പറായി മി. കെ. ഡി. ഡേവിസിനെയും തെരഞ്ഞെടുത്തു. യൂണിറ്റിന്റെ പേരിലും വ്യക്തിപരമായും അവരെ അനുമോദിക്കുന്നു.

എന്ന് വിമലമാതാ യൂണിറ്റിനുവേണ്ടി
സെക്രട്ടറി, ഷാലിജോസഫ്

### സെൻറ് പോൾസ് യൂണിറ്റ്
(ചിമ്മൻപാട)

ജനുവരി 15-ാം തിയ്യതി വീടുകളിലേക്കുള്ള അമ്പ് എഴുന്നള്ളിപ്പ് മി. വർഗ്ഗീസ് തങ്കച്ചന്റെ ഭവനത്തിൽ നിന്നും ആരംഭിച്ച് മി. പി. എം. ലൂക്കോസിന്റെ ഭവനത്തിൽ അവസാനിച്ചു. യൂണിറ്റിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. ഈ യൂണിറ്റിൽ നിന്നും മിസ് മരിയ ലൂക്കോസ് തിരുന്നാൾ പ്രസുദേന്തിയായിരുന്നു.

ഫെബ്രുവരി മാസത്തിലെ ബൈബിൾ വായനയ്ക്ക് യൂണിറ്റംഗങ്ങൾ നേതൃത്വം കൊടുത്തു. ഫെബ്രുവരി 20-ാം തിയ്യതി നാസിക് പിൽഗ്രിമെയ്ജിലേക്ക് ഈ യൂണിറ്റിൽ നിന്ന് 5 പേർ പങ്കെടുത്തു. സെൻറ് ജോസഫ് യൂണിറ്റംഗമായിരുന്ന മി. ജോസഫ് മാത്യുവും കുടുംബവും, സേക്രട്ട് ഹാർട്ട് യൂണിറ്റംഗമായിരുന്ന മി. സി. പി. സെബാസ്റ്റ്യനേയും കുടുബത്തേയും ഈ യൂണിറ്റിലേക്ക്

ഏറെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

മാർച്ച് മാസം 2-ാം തിയ്യതി യൂണിറ്റിലുള്ള വീട് വെഞ്ചിരിപ്പ് ബഹുമാനപ്പെട്ട ജെബിൻ അച്ചൻ നിർവ്വഹിച്ചു. വെഞ്ചിരിപ്പ് സമാപനത്തിനുശേഷം മി. പി. എം. ലൂക്കോസിൻെറ ഭവനത്തിൽ യൂണിറ്റംഗങ്ങൾ ഒരുമിച്ചു കൂടുകയും വരും വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസിഡണ്ട് മി. ലിജോ വർഗ്ഗീസ്, വൈസ് പ്രസിഡണ്ട് മിസ്സിസ് വൽസമ്മ തങ്കച്ചനെയും, സെക്രട്ടറി മിസ് മെറീന ജോസിനെയും, ജോയിൻറ് സെക്രട്ടറിയായി ഡിക്സൻ ജോസിനെയും, പാരീഷ് കൗൺസിൽ മെമ്പറായി മി. ജോസഫ് മാത്യുവിനേയും തിരഞ്ഞെടുത്തു.

ബോർഡ് എക്സാംഎഴുതുന്ന കുട്ടികൾക്കും, അക്കാഡമിക് ഇയർ എക്സാം എഴുതുന്ന എല്ലാ കുട്ടികൾക്കും വിജയാശംസകൾ നേരുന്നു.

യൂണിറ്റിനുവേണ്ടി സെക്രട്ടറി

ലേമ ലൂക്കോസ്

### സെൻറ് ജോൺ യൂണിറ്റ്
(ചർച്ച് റോഡ്)

സെൻറ് ജോൺ യൂണിറ്റിൻെറ കുടുംബ സമ്മേളനം എല്ലാ മാസവും മുടങ്ങാതെ നടത്തിവരുന്നു. ജനുവരി മാസത്തെ പ്രാർത്ഥന മി. ലിജു പൗലോസിൻെറ ഭവനത്തിലും ഫെബ്രുവരി മാസത്തെ കുടുംബ പ്രാർത്ഥന മി. വർഗ്ഗീസ് ജോസഫിൻെറ ഭവനത്തിലും നടന്നു.

ഡിസംബർ 20-ാം തിയ്യതി യൂണിറ്റിലെ ക്രിസ്തുമസ് കരോൾ എല്ലാ വർഷത്തേയുംപോലെ യൂണിറ്റംഗങ്ങൾ ഒന്നിച്ചു ചേർന്ന് ഈ വർഷവും വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു.

ജനുവരി 15-16 തിയ്യതികളിൽ നമ്മുടെ ഇടവകയിൽ നടന്ന വി. സെബസ്ത്യാനോസിൻെറ തിരുനാളിൽ 15-ാം തിയ്യതി വി. ബലിക്കു ശേഷം യൂണിറ്റിലെ എല്ലാ വീടുകളിലും അമ്പെഴുന്നള്ളിക്കുകയും 16-ാം തിയ്യതി നടന്ന വി. ബലിയിലും പ്രദക്ഷിണത്തിലും യൂണിറ്റംഗങ്ങൾ എല്ലാവരും തന്നെ പങ്കുചേരുകയും ചെയ്തു. മി. ജോയി തോമസ്, മി. ദേവസിപോൾ എന്നിവർ യൂണിറ്റിൽ നിന്നും പ്രസുദേന്തിമാരായിരുന്നു. ഞങ്ങളുടെ യൂണിറ്റിലെ യൂത്ത് പ്രസിഡണ്ട് റിക്കി വർഗ്ഗീസ് പഠനത്തിനായി ഓസ്ട്രേലിയക്കു പോയി എന്ന കാര്യം അറിയിക്കുന്നു.

ഫെബ്രുവരി 28-ാം തിയ്യതി എല്ലാ വീടുകളിലും അച്ചൻ വീടു വെഞ്ചിരിപ്പു നടത്തുകയുണ്ടായി. എല്ലാ കാര്യങ്ങളും വളരെ ആത്മാർത്ഥതയോടെ ചെയ്യുന്ന അച്ചന് ഞങ്ങൾ നന്ദിപറയുകയും ഉത്ഥിതനായ ഈശോയുടെ എല്ലാ അനുഗ്രഹങ്ങളും ജെബിൻ അച്ചൻെറ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ഈസ്റ്റർ മംഗളങ്ങൾ

യൂണിറ്റിനുവേണ്ടി സെക്രട്ടറി.
ലിറ്റി നിക്സൺ

### ക്രിസ്തുരാജ് യൂണിറ്റ്
(ഭണ്ഡാർവാഡ)

ക്രിസ്തുരാജ് യൂണിറ്റിലെ ജനുവരി മാസത്തെ കുടുംബ കൂട്ടായ്മ ശ്രീമാൻ എം. വി. വർഗ്ഗീസിൻെറ ഭവനത്തിലും, ഫെബ്രുവരിയിൽ ശ്രീമതി ഗ്രേയ്സി സ്ക്കറിയയുടെ ഭവനത്തിലും ബഹു. ജെബിൻ പത്തിപ്പറമ്പിൽ അച്ചൻെറ സാന്നിദ്ധ്യത്തിൽ സമ്മേളിക്കുകയുണ്ടായി.

വി. സെബസ്ത്യാനോസിൻെറ തിരുനാളിനോടനുബന്ധിച്ച് വീടുകൾ തോറും പുണ്യവാൻെറ അമ്പ് എടുത്തുവച്ച് ഭക്തിപൂർവ്വം മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും തിരുനാളിനോടനുബന്ധിച്ച് നടത്തിയ പ്രദക്ഷിണത്തിലും ശുശ്രൂഷകളിലും ഈ യൂണിറ്റിലെ കുടുംബാംഗങ്ങൾ പങ്കെടുത്ത് പുണ്യവാൻെറ അനുഗ്രഹം പ്രാപിക്കുകയുണ്ടായി. വിശുദ്ധൻെറ തിരു നാളിന് ഈ യൂണിറ്റിലെ അംഗമായ മി. എം. വി. വർഗ്ഗീസ് പ്രസുദേന്തിയായിരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ തിരുനാൾ കെങ്കേമമായി കൊണ്ടാടിയെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

നമ്മുടെ മറോൾ പള്ളിയിൽ നിന്നും നാസിക് തീർത്ഥാടന കേന്ദ്രത്തിലേയ്ക്ക് ക്രിസ്തുരാജ് യൂണിറ്റിൽ നിന്നും എട്ടുപേർ പങ്കെടുക്കുകയുണ്ടായി.

ഫെബ്രുവരി മാസത്തിൽ ക്രിസ്തുരാജ് യൂണിറ്റിലെ എല്ലാ ഭവനങ്ങളും ബഹു. ജെബിൻ പത്തിപറമ്പിലച്ചൻ വെഞ്ചിരിക്കുകയുണ്ടായി.

ഈ യൂണിറ്റിലെ അംഗമായ മാർസിയ പോൾ ഓട്ടോക്കാരനെ യൂത്ത് വിഭാഗത്തിൽ ഡെക്സോ മെമ്പർ ആയി തിരഞ്ഞെടുത്തതിൽ യൂണിറ്റംഗങ്ങൾ അഭിമാനിക്കുന്നു. ഒപ്പം എല്ലാവരുടേയും അഭിനന്ദനങ്ങളും, അനുമോദനങ്ങളും !!!

സെക്രട്ടറി, ഫിനി പോൾ

**സെൻറ് സെബാസ്റ്റ്യൻ യൂണിറ്റ്**
(കോൺടിവിറ്റ റോഡ്)

സെൻറ് സെബാസ്റ്റ്യൻ യൂണിറ്റിലെ കുടുംബ പ്രാർത്ഥനാ യോഗം എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ നടത്തിവരുന്നു. അതിൽ എല്ലാ കുടുംബങ്ങളും പങ്കെടുത്തുവരുന്നു. യൂണിറ്റ് മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിൻെറ തിരുനാൾ വളരെ ഭംഗിയായി ആഘോഷിച്ചു. പള്ളിയിൽ നിന്നും അമ്പ് എഴുന്നള്ളിച്ച് യൂണിറ്റിലെ എല്ലാ ഭവനങ്ങളിലും എത്തിച്ച് പ്രാർത്ഥിച്ച് അനുഗ്രഹം നേടി. ഫെബ്രുവരി20-ാം തിയ്യതി നമ്മുടെ പള്ളിയിൽ നിന്നും നാസിക്കിലേക്ക് ഒരു തീർത്ഥാടനം നടത്തി അതിൽ യൂണിറ്റംഗങ്ങളും പങ്കെടുത്തു. ഫെബ്രുവരി 27ന് പള്ളിയിൽ നടന്ന ജനറൽ ബോഡി മീറ്റിഗിലും എല്ലാവരും തന്നെ പങ്കെടുത്തു. നമ്മുടെ യൂണിറ്റിലെ വീടുവെഞ്ചിരിപ്പ് മാർച്ച് 1ന് നമ്മുടെ ജെബിനച്ചൻ വീടുകൾ സന്ദർശിച്ച് വെഞ്ചിരിപ്പു നടത്തി. ജനുവരി മാസത്തിലെ പ്രാർത്ഥനായോഗം മിസ്റ്റർ അംബ്രോസിൻെറ വസതിയിൽ നടത്തി.

എന്ന്. യൂണിറ്റ് സെക്രട്ടറി
- മോളി ജോൺസൺ

**സെൻറ് ജോസഫ് യൂണിറ്റ്**
(വിജയനഗർ)

യൂണിറ്റിലെ പ്രാർത്ഥനാ കൂട്ടായ്മ 05-03-2011 ശ്രീമതി ലിസ ഡേവിഡിൻെറ വസതിയിൽവച്ച് ബഹു. ജെബിനച്ചൻെറ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി. യൂണിറ്റിലെ ഒരോ കുടുംബങ്ങളെയും വി. യൗസേപ്പിതാവിൻെറ മാദ്ധ്യസ്ഥം തേടി അച്ചൻ പ്രത്യേകമായി പ്രാർത്ഥിക്കുകയുണ്ടായി. യൂണിറ്റിലെ എല്ലാ അംഗങ്ങളും തിരുനാൾ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തതിൽ അച്ചൻ ഏറെ പ്രശംസിക്കുകയും ചെയ്തു. തദവസരത്തിൽ പുതിയ ഭാരവഹികളായി ശ്രീ. എം. ഓ. ജോയി - പ്രസിഡണ്ട്, ശ്രീമതി അമ്മിണി ആൻറണി - വൈസ് പ്രസിഡണ്ട്, ശ്രീമതി ലിസ ഡേവിസ് - സെക്രട്ടറി, ശ്രീമതി നിഷ മാരിയോ- ജോയിൻറ് സെക്രട്ടറി, ശ്രീ. എം. കെ. തങ്കച്ചൻ - പാരീഷ് കൗൺസിലർ മെമ്പർ - എന്നിവരെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ.

ഈ യൂണിറ്റിലേക്ക് പുതിയതായി ചേർന്ന ശ്രീ. പി. എൽ. ജോസിനും കുടുംബാംഗങ്ങൾക്കും യൂണിറ്റിൻെറ സ്നേഹാംശംസകൾ.

സ്വപ്നങ്ങളുടെ പിതാവായ വി. യൗസേപ്പിതാവ് യൂണിറ്റിലെ എല്ലാ പിതാക്കന്മാർക്കും മധുര സ്വപ്നങ്ങൾ കൊണ്ട് അനുഗ്രഹിച്ച് മനോഹരമായ കുടുംബ ജീവിതം നയിക്കുന്നതിനു അനുഗ്രഹം നല്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്.

ശ്രീമതി ലിസ ഡേവിഡ്
സെക്രട്ടറി

**St. Mary's Unit**
(Military Road)

The feast of St Sebastien was celebrated with great devotion and enthusiasm . The Holy arrow (ambu) was taken to every house with great devotion. All the members actively joined in the procession.

Most of the mothers of our unit joined the picnic organised by Mathrusangam. On 20th Feb. pilgrimage to the shrine of infant Jesus at Nasik was organised by the church and many families from the St. Mary's unit joined the same.

Most of the youth in our unit actively participated in the youth retreat organized by the church. They were very much inspired by Mr. Biju Dominic's talk.

Children from our unit was also qualified for the Catechism Scholarship Exam and appeared for the same.

Many families of our unit joined in the visit to the Old Age Home and Cheshire Home creating sense of social awareness.

We feel proud that Mrs. Bini Thomas from our unit is appointed as the Catechism Headmistress. We wish her all the best and may God shower his choicest blessing on her and become the guiding light to our children.

PRESIDENT
MRS. ANNIE PAUL

## MATHRUSANGHAM REPORT

Mathrusangham's periodic meetings are conducted at our Parish, after second Thursday's mass every month. Classes conducted by our Parish Priest are very effective and ignites our spirituality. All mothers are requested to attend the above class regularly.

Following new leaders have been elected for the year 2011-2012 during the meeting conducted in the month of January 2011.

| | | |
|---|---|---|
| President | : | Mrs.Ashley Justin |
| Vice President | : | Mrs.Lally Sabu |
| Secretary | : | Mrs.Emily Jose |
| Joint Secretary | : | Mrs.Reena Liju |
| Animator | : | Mrs.Reetha Alexander |
| Treasurer | : | Mrs.Mini George |
| Auditors | : | Mrs.Rossy Joseph, Mrs.Beena Paul |
| Zonal Members | : | Mrs.Jolly John, Mrs.Gracy Davis, Mrs.Litty Nixon |

**Unit Representatives :**

| | | |
|---|---|---|
| Vimala Matha Unit | : | Mrs.Annie Kallookkaran |
| St.Thomas | : | Mrs.Rani Thomas |
| St.Sebastian | : | Mrs.Maria Tom |
| St.Mary's | : | Mrs.Jolly John |
| Little Flower | : | Mrs.Lally Sabu |
| Kristuraj | : | Mrs.Lucy Varghese |
| St.Paul | : | Mrs.Lema Luckose |
| St.George | : | Mrs.Rossy Joseph |

Newly elected members will take over the charge from the month of April 2011.

A meeting was conducted at MCBS House on 16th Feb.2011. All the winners of Cultural programmes conducted by Mathrusangham during this year were felicitated and prizes were distributed by Rev. Fr. Siby, Director of Mathrusangham. The following members from our church were elected at zonal level.

Mrs. Jolly John - Zonal Representavie,

Mrs. Emily Jose - P. R. O.

A picnic to Arnala Resort was arranged for all mothers of Andheri Zone under the leadership of Fr.Siby, in the month of February and around 25 mothers participated from our church.

Our active Mathrusangham member Mrs.Gracy Davis's mother expired on 11.02.2011. Members of Marol Mathrusangham participated in the funeral Mass and offered prayers for her eternal peace in heaven.

Old Age Home at Ghyanashram, Mahakali was visited by Mathrusangham Members on 06.03.2011 alongwith Pithruvedi Members.

HAPPY WOMAN'S DAY to all the mothers.

**Mrs. Annie Francis**
President, Mathrusangham

**THE CHRISTMAS STORY ANSWER**



# CATECHISM REPORT

It's that time of the year, when we say a big "THANK YOU" to all our Catechism teachers and Head Mistress Mrs. Annamma Paul in particular. We thank them for their dedication in answering the "Call" to contribute to our children's faith formation.

The Catechism Department has had its share of ups and downs in the last two months. Hearty Congratulations to Head Mistress Mrs. Annamma Paul for securing 4th position in the Kerygma Bible Quiz. We appreciate her perseverance and involvement in the growth and development of the Catechism Department in the last six years. She is currently in the US awaiting the birth of her first grandchild. We wish her and her family all the very best as the Lord showers them with His blessings. Mrs. Bini Thomas has been appointed as Catechism Head. Mr. Nessen Paul, our dedicated teacher finally tied the knot. We wish Nessen and Sharon a happy wedded life. We share in the grief of our member Mrs. Gracy Davis whose mother passed away on the 11th of February. Ms. Ancy Antony, teacher of the Communion section has moved to Goregaon, we will definitely miss her. Ms. Marcia Paul is now a DEXCO member and will be devoting more time towards youth activities. Teachers Ms. Femi Antony and Mrs. Shaila James are intently pursuing their studies.

Our children actively participated in the Parish Day celebrations in November 2010. Certificates were awarded to catechism students who secured highest marks and full attendance. Some of our children attempted the Kerygma Bible Quiz successfully. However, it would have been really nice if all our children participated in the Quiz.

Zonal Faith Fest competitions were held in our church on the 5th of December 2010. Hearty Congratulations to our children who won the trophy for scoring the highest points in Andheri Zone. The programme was well managed by our Parish Priest Fr. Jabin, Head Mistress Mrs. Annamma Paul, Animator Mr. Joji George, teachers and youth of our parish.

Scholarship examination for Andheri Zone was held on the 20th of February in our parish hall. Some of our students appeared for the exams. The exams were conducted smoothly with tremendous help from Mrs. Annie Paul and Ms. Femi Antony under the guidance of Fr.Jabin.

Although the academic year has come to an end, there will be Malayalam classes every Sunday after the 9.00 am Mass unless informed otherwise. Many thanks to Mrs. Mary George, Mrs. Omana Thomas, Mrs. Annie Francis and Ms. Seena Varghese for their quick response in volunteering for these classes. Special thanks to Ms. Jesmy Jolly who is assisting the teachers in the primary section.

Special classes are being held by Sr. Anna every Sunday at 4.30pm for children preparing to receive First Holy Communion and Confirmation in May 2011. We request your prayers for Justin Thomas, Seena Ankathil, Anu Johnson, Melbin Sebastian, Justin Johnson, Judith Thobias and Fiona Gladstone as they prepare to receive Jesus for the first time.

The Catechism Department is collecting a contribution of Rs.50/- per student for the construction of the Diocesan Animation and Renewal Centre.

Once again we thank all our teachers and parents for their co-operation.

\- **Mrs. Bini Thomas**

# GOD IS JUDGE

" I do not judge as people judge. They look at the outward appearance but i look at the heart". - 1 Samuel 16:7

People are often unreasonable and self-centered. They will praise you and talk good about you for their benefits or they might not even appreciate you for your good deeds. But we must forgive them.

When you are honest in everything you do and say, people will try their level best to prove you wrong; they will make you believe that honesty does not work in today's world. But be honest.

When you find happiness and when you are dancing and singing with joy, people will be jealous of you. But still keep the smile on your face.

The good you do today will be forgotten tomorrow. People may not thank you for the good you have done for them but don't stop doing good.

The people you care for may not appreciate your affection. They will take you for granted. But love them with all your heart.

Do the best you can and give the world the best you have. It will still never be enough but do your best. They will criticize, you and talk bad about you. You might feel that life's not worth living but remember in the end it is between 'you' and 'God' because He is the one who will judge you. It was never between 'you' and 'them'

God judges us not by our looks, talents or status but by the heart. So let us all try to forgive and love one another and make this world a better place to live in

Marcia Paul
Kristuraj Unit

## LENT : "CALL TO MAKE CHANGES IN LIFE FOREVER".

As this month is the lent season,we all might be trying to sacrifice many things.Pretending ourselves to be pure,trying the best to be helpful and kind in nature.I don't know, why we all people try to be kind and helpful only during the lent season,why can't we follow this attitude during our entire course of life. For whose sake, we are doing all this?. No, this would be the answer from everyone. My friends, I would like to tell you just think what we are doing, why we all are acting this way?.

One of my friends and I were having a conversation on lent season and the sacrifices we make.He told me that he is sacrificing parties,smoking,drinking and all indecent behaviors during this lent season. I asked him, why he is doing this? He told me that this is the Lent season, so he wants to follow the path of a saint. So I advised him that he should continue the life of a saint throughout his life, but he started refusing me and told me that no one in this world can live the life of a saint.When he started sharing his thoughts with me,I felt very disappointed.At that point of time,I started thinking that as a Christian are we all knowingly or unknowingly pretending to be good in nature only during the Lent season or during the festivals, was it?

May be this is because of lack of prayers in our life,no fear of GOD overconfidence and pride in ourselves, a mentality that no one else in this world is better than me, why do we think all this? All these thoughts are leading us to the"path of hell".

My friends what is the use,if we are trying to be sacred,avoiding all our indecent behaviors only in the lent season or during holy festivals. Why can't we be sacred holy pure as our heavenly father. We can do it, as we all are children of GOD.Not only in this lent season or during the festivals but throughout our LIFE; we must be like "OUR HEAVENLY FATHER,THE WAY HE IS, AND EVER WILL BE".

By ANGEL VARGHESE,
St. Paul Unit

# HEARTY WELCOME

## FAMILY MEMBERSHIP

| Name | Relation | Date of birth | Current Address | Address in Kerala | Unit |
|---|---|---|---|---|---|
| Thomas Augustine<br>Ancey<br>Seena<br>Seban<br>Ammini | H<br>W<br>D<br>S<br>M | 15th May<br>25th March<br>8th Sept.<br>6th Jan | 43/20, The Great Indira Nagar,<br>Room No-53, Krishna Chawl,<br>Marol Pipe Line | Ankathil House,<br>Maramon,<br>Pathanamthitta. | St. George |
| Anil Sebastian<br>Anna<br>Sarh | H<br>W<br>D | 22nd Dec.<br>22nd Feb.<br>26th Nov. | A4-A/13,<br>Lok Bharati Complex,<br>Marol Maroshi Rd | Aloocaran House,<br>Kottapadi,<br>Guruvayur. | Vimalamatha |
| Mini<br>Shaji<br>Melwin | W<br>H<br>S | 26th Sept.<br>2nd Feb.<br>25th Jan. | Ganeshwadi,<br>Kondivita Road,<br>MIDC, Andheri | Puliyamkunnel ,<br>Elamdesam,<br>Thodupuzha. | St. Sebastian |
| John Poulose<br>Neetha | H<br>W | 27th Dec.<br>31st Jan | B-202, Shri Kunti Park,<br>Military Rd, Marol. | Pozholiparambil,<br>Nadavarambu, Irinjalakuda. | Little Flower |
| Teresa Sebastian<br>Ashley<br>Jacob<br>Merlin<br>Anusha<br>Ayesha | <br>S<br>S<br>D/L<br>G/D<br>G/D | 8th Aug.<br>24th Jan<br>17th Jun<br>4th April<br>19th Jun<br>9th Sept. | B-1/602, Lok Bharati Complex,<br>Marol Maroshi Rd | Maddukkakuzhy,<br>Kanjirapally,<br>Kottayam | Vimalamatha |
| Jose P.L.<br>Sherly<br>Merjin<br>Melba<br>Melga | H<br>W<br>S<br>D<br>D | 21st Feb<br>9th Jan<br>13th Jun<br>5th July<br>5th July | A-202, Woodland Avenue<br>M.M. Road,<br>Vijaynagar, Marol,<br>Andheri (E) | Chittilappilly<br>Pozholiparambil<br>Praditha Road,<br>Nehru Nagar,<br>Kuriachira, Trissur | St. Joseph |
| Jancy K. V.<br><br>Elia Varghese | <br><br>Mother | 30th May | 101, Shree Shakti Apt.,<br>Military Road<br>Marol | Kodaliparambil House<br>Cheloor,<br>Irinjalakuda, Trichur | Little Flower |

## JOKES

An elderly person saw a man picking his pocket and said, "Aren't you ashamed to pick my pocket?"
"Rather it is you who should be ashamed. There is not a paisa in your pocket."

-x-x-x-x-x-

A parcel was returned to the Post Office with the following inscription –
Dead. Address not known.

-x-x-x-x-x-

A boy in a railway compartment asked his mother for some money to buy sweets.
The mother said :- "Keep quiet, don't be naughty or I will beat you up
"If you do so I'll tell my actual age to the Ticket Checker." threatened the boy.

-x-x-x-x-x-

I never cast my vote and it gives me great peace, because then I don't find myself responsible for whatever abuses are being traded in the parliament.

-x-x-x-x-x-

An advertisement –
Do not kill your housewife with housework. Let our washing machine do it for you.

-x-x-x-x-x-

A man advertised a reward of Rs. 5000/- for his wife's lost cat.
"So much prize for a mere cat?" asked a friend.
"But I am sure the cat wouldn't be found. I drowned it last night in the canal" came the reply.

-x-x-x-x-x-

"What would you do first if you caught rabies?" the doctor asked a nurse trainee.
"First of all I will bite my mother-in-law," said the nurse.

## Joined in Christ

| Bridegroom | Parents | Domicile | Bride | Parents | Domicile | Date of Marriage | Place of Marriage |
|---|---|---|---|---|---|---|---|
| Ajoy Chonaden | Augustine Jessy | Perambra Irinjalakuda | Veronica Thadathil | T.A. Paul Mariam | Marol Mumbai | 26-12-10 | Marol Mumbai |
| Nessen Punnaliparambil | Late P.D. Paul Annamma | Marol Mumbai | Sharon Chakkalakal | Varghese Late Omana | Panavel Navi -Mumbai | 26-01-11 | Marol Mumbai |
| Suvil Manjukaran | M.J. Wilson Susy | Marol Mumbai | Sonia Kodakkal | Mathew Mariamma | Veroor Changanassery | 20-02-11 | Thrissur Kerala |

## SNAPSHOTS

- January, 2011- 15 & 16 – Feast of St. Sebastian
- Jan. 20 – Mathrusangham election
- Jan. 25 - Started house blessings
- Jan. 27 - Parents meeting of first communion children
- Jan. 30 - Catechism annual examination
- Feb. 5 - Joint meeting of parish council & finance advisory committee
- Feb. 6 - Zonal Mathrusangham picnic
- Feb. 12 - Youth retreat – BARACA
- Feb. 13 - Youth meet & election of new office bearers
- Feb. 20 – Nasik Infant Jesus Church Pilgrimage
- Feb. 27 - Special Pothuyogam
- March, 7 – Ash Monday (Vibhoothi Thirunal)
- Mar. 17 to 20 – Feast of St. Joseph - on 20th Oottunercha
- Mar. 20 – Pithruvedi Election
- Mar. 30 – Annual Retreat
- Mar. 31 – Annual Retreat
- Apr. 01 – Annual Retreat

## Newly Elected Youth Representatives for 2011-2013

| | |
|---|---|
| President | Robin Alexander |
| Vice-President | Angel Varghese |
| Secretary | Marina Thankachen |
| Joint-Secretary | Reuben Thomas |
| Treasurer | Sebin Alexander |
| Zonal Rep. | Sumyrose Thomas<br>Dixon Jose |

### UNIT LEADERS

| | | |
|---|---|---|
| St. Mary's | - | Maria George |
| Kristuraj | - | Marcia Paul |
| Vimalamatha | - | Gincy Kallookaran |
| St. George | - | Mincy Matthew |
| Sacred Heart | - | Marshal Matthai |
| St. Thomas | - | Thomson Muriyadan |
| St. Joseph | - | Anisha Antony |
| Little Flower | - | Roshini Joshi |
| St. Paul | - | Maria Lukose |
| St. Sebastian | - | Nimmy Joy |
| St. John | - | Ben Peter Varghese |

## BACHELORS / SPINSTERS

| Name & House Name | Birthday | Parish / Diocese in Kerala | ADDRESS | FAMILY UNIT |
|---|---|---|---|---|
| Tojy Mathew Kuttiyanickal | 16th May | Meenachil/ Pala | Kuttiyanicakal House, Meenachil, Pala, Kottayam. | |
| Milan Mathew Kuttiyanickal | 3rd April | Meenachil/ Pala | Kuttiyanicakal House, Meenachil, Pala, Kottayam. | |
| Feasto Thomas Allappat Palathingal | 27th April | | Allapat Palathingal, Statue Road, Cochin | St. Thomas |
| Ajith George Thekkedam | 27th Feb. | Edathuva/ Changanacherry | Thekkedam, Pach-Chekkidikadu – Post, Edathuva, Alapuzha | Kristuraj |
| Sigimol Mathew Palathanath | 28th July | Thirumaradi/ Ernakulam | Palathanath House, Thirumaradi – Post, Koothattukulam | St. Joseph |
| Shelby Joseph Tharappel | 15th July | Palackattumala/Pala | Tharappel House, Palackattumala – Post Marangattupilly, Kottayam | St. Joseph |
| David George Pudukadan | 1st Sept. | Trissur | Pudukadan, Thottathil Lane, Trissur | St. John |
| Raiju K. Thomas Karalathukaran | 28th Dec. | Vettilappara/Trissur | Karalathukaran, Vettilappara – Post, Trissur | St. Sebastian |

# LENTEN CROSSWORD



**Across**

5. We meditate on the mysteries of Jesus'_________ and death during Lent.
6. The central event of the liturgical year
7. The second Sunday after Easter
8. Lent- a time of _________.
9. Giving to the poor
10. Avoiding non-vegetarian food during Lent

**Down**

1. Lent is the time that we prepare for Jesus'____________.
2. The first Sunday of Lenten season
3. The __________ day fasting by Jesus is the basis for the season of Lent.
4. The Lenten season consists of __________ weeks.

*(For Answer Refer Next Issue)*

(കഴിഞ്ഞ ലക്കം തുടർച്ച)

# "പെയ്യാത്ത മഴയും, ഒഴുകാത്ത പുഴകളും"

*(പരിസ്ഥിതി പ്രശ്നങ്ങളിൽ വളരെ പുരോഗമനപരവും സ്വീകാര്യവുമായ നിലപാടോടുകൂടിയുള്ള ഈ ലേഖനം എഴുതിയിട്ടുള്ളത് ശ്രീ. എം. എം. മാത്യു, വരന്തരപ്പിള്ളിയാണ്. ഇദ്ദേഹം വളരെക്കാലമായി ഗൾഫിൽ ജോലി ചെയ്യുന്നു.)*

**ആസ്ത്രേലിയയിൽ**

ആസ്ത്രേലിയായിൽ ചിലയിനം വന്യമൃഗങ്ങളുടെ എണ്ണത്തിൽ വന്ന അമിതമായ വർദ്ധന വൻ പരിസ്ഥിതി നാശത്തിനു കാരണമായി. കന്നുകാലികളെ വളർത്തലും അതിലുപരി ചെമ്മരിയാടു വളർത്തലുമാണ് ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. അവിടെ 6 കോടിയിലധികം കങ്കാരുകളുണ്ട്. ക്വോല എന്ന ജീവികളും ധാരാളം. 200 വർഷങ്ങൾക്കു മുമ്പ് കുടിയേറ്റക്കാരിൽ നിന്ന് രക്ഷപെട്ട മുയലുകളും, പന്നികളും, ഒട്ടകങ്ങളും, കുതിരകളും കാട്ടുമൃഗങ്ങളായി വളർന്ന് പെറ്റുപെരുകി 10 കോടിയിൽ അധികമായിരിക്കുന്നുവത്രേ! കാണുന്ന പച്ചയെല്ലാം ഇവ തിന്നു തീർക്കുന്നു. നീർച്ചാലുകളിലെ വെള്ളം മുഴുവൻ കുടിച്ചുതീർക്കുന്നു. തീറ്റയ്ക്കുവേണ്ടിയുള്ള ഇവയുടെ പരക്കം പാച്ചലിൽ നിരവധി ഹരിതവനങ്ങളും, പുൽമേടുകളും അപ്രത്യക്ഷമായി. നീരുറവകൾ വറ്റിവരണ്ടു. ഒരു കാലത്ത് വനഭൂമിയായിരുന്ന പല പ്രദേശങ്ങളും മരുഭൂമിയായി മാറി. കഴിഞ്ഞവർഷങ്ങളിൽ അവിടെയുണ്ടായ ഭീകരമായ വരൾച്ചയും, അതിന്റെ അനുബന്ധമെന്നോണം പടർന്നുപിടിച്ച കാട്ടുതീയും അക്ഷരാർത്ഥത്തിൽ ആസ്ട്രേലിയക്കാരെ ഞെട്ടിച്ചുകളഞ്ഞു. പരിസരനാശം കുറയ്ക്കുന്നതിന് കന്നുകാലികളുടെ എണ്ണം കുറയ്ക്കണമെന്ന് ശാസ്ത്രജ്ഞന്മാർ നിർദ്ദേശിക്കുന്നു. മാംസാഹാരം കഴിക്കുന്നത് നിയന്ത്രിച്ചാൽ അതിനുവേണ്ടി വളർത്തുന്ന മൃഗങ്ങളുടെ എണ്ണം കുറയ്ക്കാനാകും. ഇതു മൂലം പലരോഗങ്ങളിൽ നിന്നും രക്ഷനേടാമെന്ന് എല്ലാവർക്കുമറിയാം. ഫാമുകളിലെ കന്നുകാലികൾക്കും കോഴികൾക്കും ഭക്ഷണത്തോടൊപ്പം ആൻറിബയോട്ടിക്കും നല്കുന്നു. പെട്ടെന്ന് വളരാൻ ഹോർമോൺ കുത്തിവയ്ക്കുന്നു. ചിലപ്പോൾ രോഗപ്രതിരോധ ഔഷധങ്ങൾ കുത്തിവയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ പലയിനം മരുന്നുകൾ ഉള്ളിൽചെന്ന്, ഇടുങ്ങിയ സ്ഥലത്ത് തിങ്ങിഞെരുങ്ങി വീർപ്പുമുട്ടി കഴിയുന്ന ജീവികളുടെ മാംസത്തിന് എന്ത് പോഷക ഗുണങ്ങളാണ് ഉണ്ടാകുക?

സാന്ദർഭികമായി പറയട്ടെ, ലോകത്തിൽ ഏറ്റവുമധികം കന്നുകാലികൾ ഉള്ള രാജ്യം ഇന്ത്യയാണ്. അതിൽ പ്രായമേറിയതും, ഉടമസ്ഥരില്ലാത്തതുമായ നിരവധി കന്നുകാലികൾ തെരുവീഥികളിൽ അലഞ്ഞു നടക്കുന്നു.

ഒരു വശത്ത് മൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം പ്രകൃതിനാശവും, അന്തരീക്ഷ മലിനീകരണവും രൂക്ഷമാകുന്നു. മറുവശത്ത് പ്രകൃതിനാശവും, വനനശീകരണവും മൂലം വിവിധയിനം പക്ഷികളും മൃഗങ്ങളും വംശനാശ ഭീഷണി നേരിടുന്നു. എന്തൊരു വൈരുദ്ധ്യം!

**കടൽ നാശം**

കടൽ മത്സ്യത്തിന്റെ അക്ഷയഖനിയാണെന്നാണ് കരുതപ്പെട്ടിരുന്നത്. പക്ഷേ ഭൂമിയിലെ മറ്റു ജലാശയങ്ങളോടൊപ്പം സമുദ്രത്തിലും മത്സ്യം അതിവേഗം കുറഞ്ഞുകൊണ്ടിരിക്കുന്നു. മത്സ്യകൂട്ടങ്ങളെ കണ്ടെത്താനുള്ള സോനാർ

സിഗ്നലുകളും ഉപഗ്രഹ സംവിധാനങ്ങളും ഉപയോഗിച്ച് യാതൊരു നിയന്ത്രണവുമില്ലാതെ കടലിൽ നിന്ന് മനുഷ്യൻ മത്സ്യം കോരി യെടുക്കുകയാണ്.

തെക്കു കിഴക്കൻ ഏഷ്യയിൽ ഏറെ പ്രിയങ്കര മായ, സ്രാവിൻെറ ചിറകുകൊണ്ടുള്ള സൂപ്പിനു വേണ്ടി സ്രാവുകൾ കൂട്ടത്തോടെ കൊല ചെയ്യപ്പെട്ടു. ചിറകുകൾ അറുത്തുമാറ്റിയ സ്രാവുകൾ, ഒരു പിക്കപ്പ് നിറയെ വാങ്ങാൻ ആളില്ലാതെ ഞാൻ താമസിക്കുന്ന നഗരത്തിലെ മത്സ്യ ചന്തയുടെ ഒരറ്റത്ത് കൂട്ടിയിരിക്കുന്നതായി ഒരിക്കൽ കണ്ടു. ചിലയിനം സ്രാവുകൾ വംശ നാശത്തിൻെറ വക്കിലാണ്. ധ്രുവ പ്രദേശത്തെ അത്ഭുതമായ കൂറ്റൻ നീലതിമിംഗലങ്ങൾ ജപ്പാൻകാരുടെ തീൻ മേശകളിൽ ഇഷ്ട വിഭവങ്ങളായി മാറി. കസ്തൂരിയെടുക്കാനായി കസ്തൂരിമാൻ കൊലചെയ്യപ്പെടുന്ന പോലെ യാണ് സ്റ്റർജിയൻ എന്ന മത്സ്യവും വേട്ടയാടപ്പെടുന്നത്. ലോകത്തിലെ ഏറ്റവും വിലയേറിയ ഭക്ഷ്യവിഭവമായ കാവിയാർ കവർന്നെടുക്കാൻ ഈ മത്സ്യം കൊലചെയ്യ പ്പെടുന്നു. റഷ്യാ- ഇറാൻ മേഖലയിൽ കാണ പ്പെടുന്ന സ്റ്റർജിയൻ മത്സ്യം അതുകൊണ്ട് വംശനാശഭീഷണി നേരിടുകയാണ്.

ഇതിനുപുറമെ ഭൗമതാപോഷണ വർദ്ധനവും, മാലിന്യങ്ങളും, അന്തരീഷ മലിനീകരണവും മത്സ്യത്തിൻെറ പ്രജനനത്തെ ബാധിച്ചിരി ക്കുന്നു. വേണ്ടത്ര മത്സ്യം ലഭിക്കാത്തതുമൂലം വാൾറസ്, സീലയൺ തുടങ്ങിയ കടൽ ജീവികൾ കുറഞ്ഞുവരുന്നതായി സമുദ്ര ശാസ്ത്രജ്ഞ ന്മാർ കണ്ടെത്തിയിട്ടുണ്ട്. ഇഷ്ടവിഭവമായ മത്സ്യം കിട്ടാത്തതുകാരണം ശോഷിച്ചുപോയ ഇത്തരം ജീവികളെ പസഫിക്ക് സമുദ്രത്തിലെ ചില ദ്വീപുകൾക്ക് സമീപം കണ്ടതായി ശാസ്ത്രജ്ഞന്മാർ റിപ്പോർട്ട് ചെയ്തിരുന്നു.

മത്സ്യങ്ങൾ ഒഴിഞ്ഞ കടലിൽ മറ്റു അപകട കാരികളായ കടൽജീവികൾ നിറയുകയാണത്രേ. ജെല്ലിഫിഷുകളാണ് ഏറ്റവും വേഗം പെരുകുന്നത്. അറബിക്കടലിൽ പേർസ്യൻ ഉൾക്കടലിനോട് ചേർന്ന തീരപ്രദേശങ്ങളിൽ 'ഫയൽ' എന്ന ഒരുതരം മത്സ്യം ഇപ്പോൾ ധാരാളമായി കാണപ്പെടുന്നു. ഭക്ഷിക്കാൻ കൊള്ളാത്ത ഒരു മത്സ്യമാണിത്. ഇവയാ ണെങ്കിൽ ഭയങ്കര ഭോജനപ്രിയരും. അയിലയും ചാളയുമാണ് ഇവയുടെ ഇഷ്ട വിഭവം. അതുകൊണ്ട് മീൻ പിടുത്തക്കാർക്ക് ഇവയുടെ വർദ്ധനവ് വലിയൊരു തലവേദനയായി ത്തീർന്നിരിക്കുകയാണ്.

**വ്യാപകമായ കടൽ നാശം**

മലിനീകരണം മൂലം കടലിലെ അതിമനോഹര മായ പവിഴപ്പുറ്റുകൾപോലും നശിച്ചുകൊണ്ടിരി ക്കുന്നു. ആസ്ത്രലിയായിലെ പ്രസിദ്ധമായ 'ബാരിയർ റീഫ്', മലിനീകരണവും കടലിലെ താപവർദ്ധനയും കാരണം ഉജ്ജ്വലമായ വർണ്ണ ഭംഗി നഷ്ടപ്പെട്ട്, വിളറി വെളുത്ത് കാണപ്പെ ടുന്നു. ജമൈക്ക പോലുള്ള രാജ്യങ്ങളിൽ പവിഴപ്പുറ്റുകൾ തീരെ അപ്രത്യക്ഷമായി.

നിയന്ത്രണമില്ലാതെ കടൽ നികത്തുന്നതും മത്സ്യസമ്പത്ത് ഇല്ലാതാക്കുന്നു. തീരക്കടൽ നികത്തുമ്പോൾ പവിഴപ്പുറ്റുകളും, ചെറുതരം കടൽ ജീവികളും നശിച്ചുപോകുന്നു. ചെളി നിറഞ്ഞ കടലിൻെറ അടിത്തട്ട് ഇല്ലാതാകു മ്പോൾ ചെറുമത്സ്യങ്ങളുടേയും മറ്റു കടൽ ജീവികളുടേയും ആവാസസ്ഥലം ഇല്ലാതാ കുന്നു. കടൽ നികത്താനുപയോഗിക്കുന്ന മലിന വസ്തുക്കളിൽ നിന്ന് മാലിന്യം ഊർന്നിറങ്ങി പരിസരത്തെ കടലിൽ മാലിന്യം നിറയുന്നു. പുതുതായി നികത്തിയ കടലിൻെറ സ്ഥലത്തെ കെട്ടിട നിർമ്മാണങ്ങളും കടലിൻെറ പരിസ്ഥി തിയെ ദോഷമായി ബാധിക്കും.

ഒരിക്കൽ വിദേശത്ത്. നൂറ് കിലോമീറ്റർ

വിസ്തീർണ്ണത്തിൽ കടൽ നികത്തിയെടുത്ത തായി കാണാൻ കഴിഞ്ഞു. 20 മാസങ്ങൾ കൊണ്ടാണ് അത്രയും സ്ഥലം നികത്തിയെടു ത്തത്. അവിടെ നില്ക്കുമ്പോൾ, ആവാസ സ്ഥലം നഷ്ടപ്പെട്ട് മണ്ണിനടിയിൽ നശിച്ചുപോയ അനേക ദശലക്ഷം കടൽ ജീവികളെ എനിക്ക് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. കടലിൻെറ താപനിലയും അനുനിമിഷം കൂടിക്കൊണ്ടിരി ക്കുന്ന ഉയർന്ന താപനിലകാരണം കടലിലെ സൂഷ്മ ജിവിയായ പ്ലാങ്ക്ടൺ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു. ഭക്ഷ്യ ശ്ര്യംഗലയിലെ ആദ്യ കണ്ണിയായ ഇവയുടെ നാശം മത്സ്യ സമ്പ ത്തിനെ സാരമായി ബാധിക്കും. കടലിനടുത്ത് കാണപ്പെടുന്ന പക്ഷികളുടെ എണ്ണത്തിലും സാരമായ കുറവ് സംഭവിച്ചിരിക്കുന്നു. ചിലയിനം പക്ഷിക്കുഞ്ഞുങ്ങളുടെ എണ്ണം 90 ശതമാനം കുറഞ്ഞുവത്രേ!

ഡിസംബർ ജനുവരി മാസങ്ങളിൽ കടുത്ത ശൈത്യം അനുഭവപ്പെടാറുള്ള ഗൾഫുനാടുക ളിൽ, ആ സമയത്ത്പോലും ചൂട് അനുഭവ പ്പെടുന്നുവത്രേ! തീരത്തിനോട് അടുത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് ഒരു കാരണം. മറ്റൊന്ന് കടൽ തീരത്ത് പ്രവർത്തി ക്കുന്ന നിരവധി പവർ ഹൗസുകളും. അവയിൽ നിന്ന് ഒഴുക്കികളയുന്ന, ഉയർന്ന ചൂടുള്ള അവശിഷ്ടജലം, കരയോട് ചേർന്ന സമുദ്രത്തെ നിരന്തരം ചൂട് പിടിപ്പിച്ചുകൊണ്ടിരിക്കുന്നു.

**<u>ഇന്ത്യയിലും കടൽനാശം</u>**

ഇന്ത്യയിലും അതിരുകടന്ന മീൻപിടുത്തം മൂലം കടൽ ശൂന്യമായിത്തുടങ്ങിയിരിക്കുന്നു. കേരള ത്തിലെ സ്ഥിതി കൂടുതൽ ഗുരുതരമാണ്. തീരക്കടലിനോട് അടുത്ത് ലഭിച്ചിരുന്ന പല ചെറുതരം മത്സ്യങ്ങളും അപൂർവ്വമായിരിക്കുന്നു. കരയിൽ നിന്നെത്തുന്ന സംസ്ക്കരിക്കാത്ത മലിനജലവും, രാസപദാർത്ഥങ്ങളും, കീടനാ ശിനികളും കടൽ ജീവികളുടെ നിലനില്പുതന്നെ അപകടത്തിലാക്കിയിരിക്കുന്നു.

അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന മത്സ്യസ മ്പത്തിനുവേണ്ടി ഇപ്പോൾ ഇന്ത്യയിലേയും, വിദേശത്തേയും മീൻപിടുത്തകപ്പലുകളും, ബോട്ടുകളും മത്സരിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ മീൻപിടുത്ത കമ്പനികൾക്ക് ഇന്ത്യൻ ജലാതിർത്തിയിൽ നിന്ന് മീൻ പിടിക്കാൻ ലൈസൻസ് നല്കാൻ തുടങ്ങിയതോടെ അവർ ഇന്ത്യൻ ജലാതിർത്തിയിൽ സ്വൈരവിഹാരം നടത്തുകയാണ്. കടലിൻെറ അടിത്തട്ടിൽ നിന്ന് മത്സ്യം കോരിയെടുക്കുന്ന ലോഹ കോരികളും, പ്രത്യേകതരം വലകളും ഉപയോഗിക്കുന്നതു മൂലം കടലിൻെറ അടിത്തട്ട് മരുഭൂമിയ്ക്ക് സമാനമായി മത്സ്യ കുഞ്ഞുങ്ങളും മത്സ്യേതര ജീവികളും അകലം കുറഞ്ഞ കണ്ണികളുള്ള വലയിൽ പെട്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യസംസ്ക്കരണ ഫാക്ടറികൾ സജ്ജീകരിച്ചി ട്ടുള്ള കപ്പലുകളാണ് ആഴക്കടലിൽ മത്സ്യ ബന്ധനം നടത്തുന്നത്. ഇവ മാസങ്ങളോളം കിട്ടാവുന്നത്ര മത്സ്യം മുഴുവൻ പിടിച്ചെടുത്ത് സംസ്ക്കരിച്ചശേഷമാണ് കരയിലേക്ക് മടങ്ങുന്നത്. ഇങ്ങനെ നാട്ടുകാരും വിദേശികളും മത്സരിച്ച് കടൽ കാലിയാക്കുകയാണ്.

കുറഞ്ഞുവരുന്ന മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതിൻെറ ഭാഗമായി കേരളത്തിൽ പലയിടത്തും മത്സ്യങ്ങളുടെ പ്രജനന കാലത്ത് മത്സ്യ ബന്ധനം നിരോധിച്ചിരിക്കുകയാണ്. അതു പോലെ കടലിൽ പലയിടത്തും കൃത്രിമ ആവാസ സങ്കേതങ്ങളുണ്ടാക്കി മത്സ്യങ്ങളുടെ പ്രജനനത്തിനുവേണ്ട സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

ഈ ലേഖനം തല്ക്കാലം ഇവിടെ നിറുത്തട്ടെ.

●

# സുനാമിത്തിരകളും നോമ്പുകാല ചിന്തകളും...

ഫാ. ജെറി വള്ളോംകുന്നേൽ, മനില

ആയിരങ്ങളുടെ ജീവനപഹരിച്ച രണ്ടു വലിയ ഭൂകമ്പങ്ങളുടേയും അതിനെത്തുടർന്നുണ്ടായ രാക്ഷസത്തിരമാലകളുടെയും സംഹാരതാണ്ഡവത്തിൽ ജീവനറ്റുപോയ മനുഷ്യമക്കളുടെയും നാശനഷ്ടങ്ങളുടയും ദയനീയ ചിത്രങ്ങൾ നമ്മുടെ മനസ്സുകളെ ഇന്നും ഞെട്ടിപ്പിക്കുന്നു!. 1923 സെപ്തംബർ 1-ാം തിയ്യതി ഭൂകമ്പമാപിനിയിൽ 7.9 രേഖപ്പെടുത്തിയ ഭൂകമ്പം ജപ്പാനിലെ ടോക്കിയോ, യോക്കോഹാമ എന്നീ നഗരങ്ങളെ ഏറെക്കുറെ തരിപ്പണമാക്കുകയും ഒരു ലക്ഷത്തി നാൽപ്പതിനായിരത്തോളം ജീവിതങ്ങളെ സംഹരിക്കുകയും ചെയ്തിരിക്കുന്നു. ഇക്കഴിഞ്ഞ മാർച്ച് 11ന് മാപിനിയിൽ 8.9 രേഖപ്പെടുത്തിയ ഭൂകമ്പം ജപ്പാന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും ശക്തിയുള്ളതായിരുന്നു ആൾ നാശത്തെക്കുറിച്ച് വ്യക്തമായ ചിത്രം ഇന്നുമില്ലെങ്കിലും ലഭ്യമായ കണക്കുകൾ അനുസരിച്ച് പതിനോരായിരത്തിലധികം ജീവിതങ്ങളെ നഷ്ടപ്പെട്ടതായും പതിനേഴായിരത്തിലധികം ആളുകളെ കാണാതായതായും സംഭവകുറിപ്പുകൾ സൂചിപ്പിക്കുന്നു.30 അടിയോളം ഉയർന്ന് അലറിവിളിച്ചെത്തിയ രാക്ഷസത്തിരമാലകൾ വഴിയിൽ കണ്ടതിനെയെല്ലാം തുടച്ചുമാറ്റി.

ഈ കാഴ്ചകൾ ലോകത്തെ ഞെട്ടിച്ചപ്പോൾ, ദുരന്തം സൃഷ്ടിച്ച മനോമാന്ദ്യത്തിൽ നിന്നും പെട്ടെന്നു വിമുക്തമായി പൂർവ്വ സ്ഥിതി പ്രാപിക്കാനുള്ള ജപ്പാൻ ജനതയുടെ നൈസർഗ്ഗീക കഴിവിനെ ലോകം വിസ്മയത്തോടെയാണ് നോക്കിക്കാണുന്നത്. ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും ശക്തമായ ദുരന്തങ്ങളിൽ ഒന്നായിരുന്ന അതെങ്കിലും ആൾ-അർത്ഥ നാശനഷ്ടങ്ങളെ ക്രമാതീതമായി കുറയ്ക്കുവാൻ കരുതലും സാങ്കേതിക വിദ്യകളും ജപ്പാനെ സഹായിച്ചു. അഗ്നിപർവ്വതങ്ങൾ കൊണ്ടും ഭൂകമ്പങ്ങൾ കൊണ്ടും പ്രക്ഷുപ്തമായ പെസഫിക് സമുദ്രത്തിലെ ചലനങ്ങൾ അപകടകാരികളാണെന്നുള്ള തിരിച്ചറിവും അടിയന്തര സാഹചര്യങ്ങളെ നേരിടുവാൻ നിഷ്ഠയോടെ നേടിയിട്ടുള്ള പരിശീനലങ്ങളും തന്ത്ര വൈദഗ്ദ്യങ്ങളും ലോകത്തിനു മുഴുവൻ പാഠങ്ങളാണ്. കഴിഞ്ഞ കാലങ്ങളിൽ മാപിനിയിൽ 7 മുതൽ 7.5 വരെ രേഖപ്പെടുത്തിയിട്ടുള്ള ഭൂകമ്പങ്ങൾ പല പട്ടണങ്ങളെയും ഗ്രാമങ്ങളെയും



ക ...ിയ അനുഭവങ്ങളും ലോക
ത ...ാൻകാർ തങ്ങളുടെ പൊതു
ന ...ം തന്നെ പണിതീർത്തിരി
ക ...ഷാഭങ്ങളെ തരണം ചെയ്യാ
ന ...ടെയാണ്. ആണവ കേന്ദ്ര
ങ ...ിരണത്തെപ്പോലും ക്രിയാ
ത് ...ക്കുവാൻ ജപ്പാനു കഴിഞ്ഞു.

2004 -ാം മാണ്ട് ഡിസംബർ 26-ാം തിയ്യതി ഇന്ത്യൻ മഹാ സമുദ്രത്തെ പിടിച്ചുകുലുക്കിയ സുനാമിത്തിരകൾ കവർന്നത് രണ്ടര ലക്ഷത്തോളം ജീവിതങ്ങളാണ്. ദിവസം മുഴുവൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ഉത്തര തായിലാൻഡിലെ 'മോർഗൺ മുക്കുവർ' തങ്ങളുടെ സമൂഹത്തിലെ എല്ലാ മനുഷ്യരെയും രാക്ഷസത്തിരമാലകളുടെ സംഹാരതാണ്ഡവത്തിൽ നിന്നും രക്ഷിച്ചതിന്റെ അത്ഭുതകഥ ദുരന്തത്തിനുശേഷം ലോകമറിഞ്ഞു. പതിവുപോലെ മത്സ്യബന്ധനത്തിനു പോകാനായി കടൽത്തീരത്തെത്തിയ നിരക്ഷരായ മുക്കുവർ പതിവിനു വിപരീതമായി കടലമ്മ ഉള്ളിലേക്കു പിൻവാങ്ങുന്നത് കണ്ട് ഭയപ്പെട്ട് മുക്കുവഗോത്രത്തലവന്റെ അടുക്കൽ ഓടിയെത്തി വിവരമറിയിച്ചു. അദ്ദേഹം തലമുറകളായി കൈമാറപ്പെട്ട 'കടൽ വിജ്ഞാനം' ഗോത്രമക്കളോട് വിളിച്ചുപറഞ്ഞു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ കടലമ്മയുടെ കരങ്ങൾ വിശ്വരൂപം പൂണ്ട് വലിയ പ്രതികാരത്തോടെ നമ്മെ വിഴുങ്ങാനായി അലറി വിളിച്ചെത്തും. ആരും വസ്തുവക

കൾ ശേഖരിക്കുവാൻ നിൽക്കാതെ അടുത്തുള്ള
മലമുകളിലേക്ക് ഓടി രക്ഷപ്പെടുക. കടൽത്തീര
ത്ത് ക്രിസ്തുമസ് അവധി ആഘോഷിക്കുകയാ
യിരുന്ന ഏതാനും വിദേശികളോട് തങ്ങളുടെ
'കടൽജ്ഞാനം' അവരുടേതായ ഭാഷയിൽ നിര
ക്ഷര മുക്കുവർ വിളിച്ചുപറഞ്ഞു. ജ്ഞാനികളെ
ന്നു സ്വയം കരുതിയ വിദേശികൾ മുക്കുവരെ കളി
യാക്കി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ
രാക്ഷസത്തിരമാലകൾ തങ്ങളുടെ കുടിലുകളെ
യും വസ്തു വകകളെയും കടൽത്തീരത്ത് കളി
ച്ചുകൊണ്ടിരുന്ന വിദേശികളെയും വിഴുങ്ങുന്നത്
മലമുകളിൽ നിന്നും അവൽ നോക്കി കണ്ടു. പരി
ഭ്രാന്തരായി മലമുകളിലേക്ക് ഓടുന്ന മുക്കുവർ
ക്കൊപ്പം ഓടിരക്ഷപ്പെട്ട 4 വിദേശികളാണ് ഈ
വാർത്ത ലോകത്തെ അറിയിച്ചത്. നൂറ്റാണ്ടുകളാ
യി കൈമാറപ്പെട്ട 'കടൽവിജ്ഞാനവും' പെട്ടെ
ന്നുള്ള പ്രതികരണവും മുക്കുവർക്ക് രക്ഷയായി.

നാല്പതുനാൾ മരുഭൂമിയിൽ ഉപവസിച്ച് ഈ
ലോക പ്രലോഭനങ്ങളെ നേരിടുവാൻ ശക്തി
യാർജ്ജിച്ച ഈശോയെ അനുകരിച്ച് ക്രൈസ്ത
വലോകം നോമ്പുകാലം ആചരിക്കുകയാണ്.
പ്രലോഭനങ്ങൾ വിശ്വാസ ജീവിതത്തീരത്ത്
അലറിവിളിച്ചെത്തുന്ന രാക്ഷസത്തിരമാലകൾ
പോലെയാണ്. ദൈവിക ജ്ഞാനവും ആത്മീയ
ഒരുക്കവും ശക്തി സംഭരണവുമാണ് പ്രലോഭന
ങ്ങളെ നേരിടുവാൻ നമ്മെ സഹായിക്കുക എന്ന്
നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രകൃതി ക്ഷോഭങ്ങളെ ദൈവ ശിക്ഷയായി
കാണുന്ന മാനുഷിക ചിന്താഗതികളെ അംഗീക
രിക്കുവാൻ സാധിക്കുന്നില്ല. ഭൂകമ്പവും, കൊടും
കാറ്റും, അഗ്നി പർവ്വതങ്ങളും, പേമാരിയും,
വെള്ളപൊക്കവും പ്രപഞ്ചോൽപ്പത്തി മുതലു
ണ്ടല്ലോ. ഇവയുടെ അനുഭവങ്ങളെ ശിക്ഷയായി
കണ്ട് ഭയചകിതരാകാതെ, ജപ്പാൻ ജനതയെ
പ്പോലെയോ, മോർഗൺ മുക്കുവരെപ്പോലെ
യോ ഒരുക്കമുള്ളവരാകുവാൻ സഹായിക്കുന്നു
വെങ്കിൽ, അനുഭവങ്ങളോടുള്ള സമീപനങ്ങൾ
ഭാവാത്മകമാകും. ജീവിതത്തിൽ ഉണ്ടാകുന്ന
ഓരോ പാപാവസ്ഥയും പ്രലോഭനങ്ങളും സുനാ
മിത്തിരകളെപ്പോലെ ആത്മീയ ജീവിതത്തിൽ
നാശനഷ്ടങ്ങൾ വിതയ്ക്കുന്നുണ്ടെങ്കിലും ശ
ക്തി സംഭരണത്തിനും മുൻകരുതലുകൾക്കും
പുനഃസ്ഥാപനത്തിനും ഉള്ള സാധ്യതകൾ അവ
ശേഷിപ്പിക്കുന്നുണ്ട്. പ്രലോഭനങ്ങളെ ശിക്ഷയാ
യി കരുതാതെ പിതാവിൽ ആശ്രയിക്കാനുള്ള
ഉപാധികളാക്കിയ ഈശോയുടെ മാതൃക പ്രചോ
ദനാത്മകമാണ്. പ്രകൃതിയിൽ ജീവിക്കുന്ന മനു
ഷ്യൻ പ്രകൃതിക്ഷോഭ രഹിതമായ ഭൂമിയെ
സ്വപ്നം കാണുന്നത് അയഥാർത്ഥ്യമായിരിക്കും.
ആത്മീയ ജീവിതത്തിൽ പ്രലോഭന രഹിത ജീവി
തത്തെ സ്വപ്നം കാണുന്നതും അങ്ങനെതന്നെ.
യാഥാർത്ഥ്യ ബുദ്ധിയോടെ ചിന്തിച്ചാൽ മനുഷ്യ
ജീവിതത്തിൽ എല്ലാ ദിവസവും, ഓരോ നിമി
ഷവും കടലിലെ തിരമാലകൾപോലെ പ്രലോഭ
നങ്ങൾ ഉണ്ട്. യഥാർത്ഥ വിശ്വാസിക്ക് ഓരോ
പ്രലോഭനവും ദൈവത്തിലാശ്രയിക്കുവാനുള്ള
സാദ്ധ്യത അവശേഷിപ്പിക്കുന്നു.

ദുരന്തങ്ങളെ മനുഷ്യൻ ദൈവ ശിക്ഷയായി
കാണാതിരുന്നെങ്കിൽ നന്നായിരുന്നു. ദുരന്ത
ങ്ങൾ പലതും മനുഷ്യ സൃഷ്ടി തന്നെയാണെന്നു
ള്ളതാണ് സത്യം. ആയിരങ്ങളുടെ ജീവനപഹരി
ക്കുന്ന എയ്ഡ്സിനെ ലൈംഗീക ആരാജകത്വ
ത്തിനുള്ള ദൈവശിക്ഷയായി ചിലർ കാണു
ന്നു.... പക്ഷെ ദൈവ ദാനമായ ലൈഗീകതയെ
വിശ്വസ്ഥതയോടെയും പരസ്പര ബഹുമാന
ത്തോടെയും ഉപയോഗിക്കണ മെന്നുള്ള ഓർമ്മ
പ്പെടുത്തലായി കണ്ടിരുന്നുവെങ്കിൽ... ആഗോള
താപനത്തെ (Global Warming) ദൈവസൃഷ്ടി
യായ പ്രപഞ്ചത്തിലെ താളക്രമത്തെ തകിടം മറി
ക്കുന്ന മനുഷ്യന്റെ കടന്നു കയറ്റങ്ങൾ നിയന്ത്രി
ക്കാനുള്ള താക്കീതായി കരുതിയിരുന്നുവെങ്കിൽ.
ആഗോള സാമ്പത്തിക മാന്ദ്യത്തെ, അടിസ്ഥാന
ആവശ്യങ്ങളിൽ ശ്രദ്ധിച്ച് ആർഭാടങ്ങളെ വർജ്ജി
ക്കാനുള്ള ദൈവീക ശബ്ദം ശ്രവിക്കാനായി മനു
ഷ്യൻ വിനിയോഗിച്ചിരുന്നെങ്കിൽ.... മനുഷ്യന്
അപായങ്ങളും, ആപത്തുകളും, ദുരന്തങ്ങളും
സാദ്ധ്യതകളും പാഠങ്ങളാണ്. അവയെ ദൈവീക
ശിക്ഷകളായി കാണുന്നത് ദോഷൈക വീക്ഷണ
മാണ്.

മരുഭൂമിയെയും പൈശാചിക പ്രലോഭനങ്ങളെ
യും ദൈവപിതാവിലാശ്രയിച്ച് ശക്തി സംഭരണ
ത്തിനായി ഉപയോഗിച്ച ഈശോയുടെയും തിര
മാലകളുയർന്നപ്പോൾ നൗകയിൽ ഉറങ്ങുകയായി
രുന്ന ഗുരുവിനെ വിളിച്ചുണർത്തിയ ശിഷ്യഗണ
ത്തിന്റെ ദൈവാശ്രയ ചൈതന്യവും നമുക്കു
പ്രചോദനമാകട്ടെ. ജീവിതയാത്രയിൽ പ്രതിബ
ന്ധങ്ങളായി എത്തുന്ന പ്രലോഭനങ്ങളെ ശപി
ക്കാതെ കൂടെയുള്ള ദൈവ സാന്നിദ്ധ്യത്തെ ഉണ
ർത്തുന്നതിനും ദൈവത്തിലാശ്രയിക്കുന്നതിനും
നോമ്പിന്റെ വെളിച്ചം നമ്മെ സഹായിക്കട്ടെ. ●

# HOLY WEEK PROGRAMME – 2011

**PALM SUNDAY (17th April)**

9.00 a.m. Holy Mass, Blessing of Palms

Celebrant: **Rev. Fr. Michael Vathappallil MCBS** (Jeevalaya,Bangalore)

**MAUNDY THURSDAY (21st April)**

7.30 p.m. Adoration of the Blessed Sacrament

8.30 p.m. Solemn High Mass, Washing of the feet.

Message: **Rev. Fr. Michael Vathappallil MCBS** (Jeevalaya,Bangalore)

10.00 p.m. Breaking of Pessaha Bread

**GOOD FRIDAY (22ndAPRIL) - DAY OF FAST AND ABSTINANCE**

3.30 p.m. Way of the Cross

(Starting from Bamandayapada (Near Nikita - Nilgiris CHS) towards Kristuraj Church through Military Road & Marol-Maroshi Road)

5.15 p.m. Passion Events Reading (Liturgical Service Commemorating the Passion and death of our Lord)

Message: **Rev. Fr. Michael Vathappallil** (Jeevalaya,Bangalore)

**HOLY SATURDAY (23rd APRIL)**

7.00 a.m. Holy Mass

(Morning) Renewal of Baptismal Vows, Blessing of the New Fire and New Water

**EASTER MASS (23rd APRIL** , *Evening* **)**

10.00 p.m. Solemn Easter Vigil Service and Solemn High Mass

Message: **Rev. Fr. Michael Vathappallil MCBS** (Jeevalaya, Bangalore)

**EASTER SUNDAY (24TH APRIL)**

***Note: - There will be no mass on Easter Sunday***

**LENT CONFESSION (11th, 12th Monday & Tuesday)**

There will be confession in the church on 11th & 12th April,

from 5:30pm to 7:30pm.

# NEWLY ELECTED LEADERS OF THE FAMILY UNITS
# KRISTURAJ CHURCH, MAROL. FOR 2011-2013

| FAMILY UNIT | PARISH COUNCIL REPRESENTATIVE | PRESIDENT | VICE PRESIDENT | SECRETARY | JOINT SECRATARY | TREASURER |
|---|---|---|---|---|---|---|
| ST. JOSEPH | Thankachan M.K | Joy M.O. | Ammine Antony | Liza David | Nisha Mario | - |
| ST. THOMAS | Baby T.M. | Cyriac K. M | Varghese Paulose | Sonia Ouseph | Molly Francis | - |
| LITTLE FLOWER | Annamma Mathew | Joshy Augustine | Jose N.D. | Pouly Jacob | Seby Jolly | Jestin George |
| ST. MARY | Aju Varghese | E. L. Davis | Wilson M.J. | Mini George | Lissamma Joseph | Chinnamma Jose |
| VIMALA MATHA | George A.K. | Shally Joseph | Beena Paul | Gracy Joy | Bini Francis | Gracy Davis |
| KRISTURAJ | M. V. Varghese | Betty Joseph | - | Gracy Scaria | - | - |
| ST. JOHN | Johnson Joseph | Devassy Paul | - | Litty Nixon | Liju Poulose | - |
| ST. PAUL | Joseph Mathew | Lijo Varghese | Valsamma Thankachen | Mereena Jose | Dixon Jose | Lema Lukose |
| ST.GEORGE | Joseph K.M. | James John | Mini Mathew | George P.D. | Ammini Varghese | Soly Varghese |
| ST. SEBASTIAN | Tom Jose | Molly Johnson | Mariamma Joy | Johnson Abraham | Biju Varghese | - |